മി. ഡെ. സ്പീക്കർ: ഈ പോയിൻറ് ഓഫ് ഓർഡർ സംബന്ധിച്ച് പരിശോധിച്ചു പിന്നീട് മറുപടി പറയുന്നതാണ്. ഇപ്പോഴും ഈ ബില്ലിനനുവദിച്ചിരിക്കുന്ന 6 മിനിറ്റുസമയം കഴിഞ്ഞിരിക്കുന്നു.

ശ്രീ. എൻ.ഐ. ദേവസ്സിക്കുട്ടി: സർ, ഒരു പോയിൻറ് ഓഫ് ആർഡർ. (സഭയിൽ ബഹളം)

മി. ഡെ. സ്പീക്കർ: ആർഡർ, ആർഡർ ബഹു: മെമ്പർമാർ ഇരിക്കണം. ബില്ലിന് അനുവദിച്ചിരിക്കുന്ന സമയം കഴിഞ്ഞിരിക്കുന്നു.

ശ്രീ. എൻ.ഐ. ദേവസ്സിക്കുട്ടി: ഞാൻ സംസാരിച്ചുകൊണ്ടിരുന്നതിനിടയിലാണ് ശ്രീ. ചന്ദ്രശേഖരൻനായർ പോയിൻറ് ഓഫ്ആർഡർ ഉന്നയിച്ചത്. ചെയറിൽനിന്നും അതിന് പിന്നീടു റൂളിംഗ് നൽകാമെന്നു പറഞ്ഞു. ഞാൻ ഇതിനെ ഒബ്ജക്ഷൻ ചെയ്യുന്നുവെന്ന് പറയാൻ കാരണം, പൂർത്തിയാക്കാൻ എനിക്ക് സമയം തരണം.

(സഭയിൽ ബഹളം)

മി. ഡെ. സ്പീക്കർ: ഇന്ന് ഈ ബില്ലിനെ സംബന്ധിച്ച ചർച്ചയുടെ സമയം കഴിഞ്ഞിരിക്കുകയാണ്. മാത്രമല്ല പോയിൻറ് ഓഫ് ആർഡറിനെ സംബന്ധിച്ചു പിന്നീട് റൂളിംഗ് നൽകുന്നതാണ്.

ശ്രീ. ആർ. എസ്. ഉണ്ണി: നിയമസഭാ നടപടി ചട്ടമനുസരിച്ച് പ്രൈവറ്റ് മെമ്പേഴ്സ് ബിൽ ഒബ്ജക്റ്റ് ചെയ്തുകഴിഞ്ഞാൽ ഒരു പ്രൊസീഡ്യൂവർ അതിനുണ്ട്. അത് ഫാളോ ചെയ്യണം. ഒബ്ജക്ഷൻ സംബന്ധിച്ച ചർച്ച അടുത്തദിവസം നടക്കുമെന്ന് പ്രതീക്ഷിക്കാമോ? ഒബ്ജക്ഷൻ സംബന്ധിച്ചുള്ള സ്ഥിതിയെന്താണ്.

(സഭയിൽ വീണ്ടും ബഹളം)

മി. ഡെ. സ്പീക്കർ: ഓർഡർ, ഓർഡർ, ഇത് സംബന്ധിച്ചുള്ള ചർച്ച അവസാനിച്ചിരിക്കുകയാണ്. ഈ ബില്ല് സംബന്ധിച്ചുള്ള എല്ലാ പോയിൻറ് ഓഫ് ഓർഡറുകളും അവസാനിച്ചിരിക്കുകയാണ് ഇനിയാതൊന്നും അനുവദിക്കുന്നതല്ല. ശ്രീ. റവ.എം. ജേക്കബ്ബിന് പ്രമേയം അവതരിപ്പിച്ച് സംസാരിക്കാം.

അനൗദ്യോഗിക പ്രമേയങ്ങൾ

10.10 A.M.

പ്രമേയം നമ്പർ (1)

മതപരിവർത്തനം ചെയ്ത പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും ആനുകൂല്യങ്ങൾ

ശ്രീ. റവ. എം. ജേക്കബ്: സർ, ഞാൻ എന്റെ പ്രമേയം അവതരിപ്പിക്കുന്നു.

''പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന എല്ലാവിധ ആനുകൂല്യങ്ങളും മതപരിവർത്തനം ചെയ്ത പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുകൂടി ലഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നും ഈ സഭ കേന്ദ്രസംസ്ഥാന ഗവൺമെന്റുകളോട് അഭ്യർത്ഥിക്കുന്നു.''

LIBRARY ARCHIVES Kerala Legislative Assembly

സർ, നമ്മുടെ രാജ്യത്ത് വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ഒരു വിഭാഗം ആളുകളുടെ പ്രശ്നങ്ങൾക്ക്, പരിഹാരമുണ്ടാക്കുമെന്നുള്ള ഉദ്ദേശ്യത്തോടുകൂടിയാണ് ഈ പ്രമേയം ഞാൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. നമ്മുടെ രാജ്യത്ത് ഒരു ന്യൂനപക്ഷ വിഭാഗത്തെക്കുറിച്ച് വളരെ വർഷങ്ങൾക്കുമുൻപ് കുമാരനാശാൻ പറഞ്ഞു: ''തൊട്ടുകൂടാത്തവർ, തീണ്ടിക്കൂടാത്തവർ, ദൃഷ്ടിയിൽപ്പെട്ടാലും, ദോഷമുള്ളോർ'' എന്ന്. ആ വിഭാഗം ഇന്നും നമ്മുടെ രാജ്യത്ത് നിലനിൽക്കുകയാണ്. അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ സ്വാതന്ത്ര്യം കിട്ടി 31 വർഷങ്ങളായിട്ടും കഴിഞ്ഞിട്ടില്ല യെന്നുള്ളത് യാഥാർത്ഥ്യമാണ്. നമ്മുടെ രാജ്യത്ത് മതപരിവർത്തനപ്പെയ്ത വളരെയേറെ ഹരിജനങ്ങളുണ്ട്. അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണമെന്നുള്ള ആവശ്യം പലഭാഗത്തുനിന്നും ഉയർന്നുവന്നിട്ടുണ്ട്. രാഷ്ട്രീയ പ്രസ്ഥാനങ്ങൾ അതിനെ സ്വാഗതം ചെയ്യുകയും ചെയ്തിട്ടുണ്ട്. പക്ഷെ എന്തെങ്കിലും പരിഹാരം ഇന്നേവരെയുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ളതാണ് യാഥാർത്ഥ്യം.

സർ, കണ്ടനെന്നും, കാളിയെന്നും, കുഞ്ഞനെന്നും, കുമാരനെന്നും, പള്ളുവനെന്നും, പരമനെന്നും അറിയപ്പെട്ടിരുന്ന ആളുകൾ മത്തായിയെന്നും മാർക്കോസെന്നും, പത്രോസെന്നും, പൗലോസെന്നും, ചാണ്ടിയെന്നും, ചാക്കോയെന്നും അറിയപ്പെടാൻ തുടങ്ങിയതുകൊണ്ട് അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ സാധിക്കുകയില്ല; അവരുടെ വയർ കുട്ടിക്കുടവയറായിട്ടില്ല., അവരുടെ ശരീരത്തിന്റെ നിറംമാറിയിട്ടില്ല, അവരുടെ ബുദ്ധിവികസിച്ചിട്ടില്ല അവരുടെ കുടിലുകൾ കൊട്ടാരങ്ങളായിട്ടില്ല, ഇന്നും നമ്മുടെ താഴെക്കിടയിൽ കിടക്കുന്ന ഈ വിഭാഗങ്ങളെക്കുറിച്ച് വളരെ ഗൗരവപൂർവ്വം ചിന്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു എന്നാണ് എനിക്കുപറയാനുള്ളത്. നമ്മുടെ രാഷ്ട്രപിതാവ് ഹരിജനങ്ങളെക്കുറിച്ചു പറഞ്ഞത് 'ദൈവത്തിന്റെ ജനം' എന്നാണ്. ആ ദൈവത്തിന്റെ ജനങ്ങൾതന്നെയാണ് മതപരിവർത്തനം ചെയ്തിട്ടുള്ളവരും. ന്യൂനപക്ഷങ്ങൾക്കു ഭരണഘടന ചില അവകാശങ്ങൾ കൊടുത്തിട്ടുണ്ട്. അതു കൊടുത്തപ്പോൾ ഭൂരിപക്ഷങ്ങൾക്കു ലഭിക്കുന്ന അവകാശങ്ങളും, അവർക്കുണ്ടെന്നാണ് അർത്ഥമാക്കുന്നത്. സർ, ഇന്നു നമ്മുടെ രാജ്യത്ത് ഇവർക്കു നല്കിയിരിക്കുന്ന അവകാശങ്ങൾ കൊടുക്കുവാൻ പലയാളുകളും തയ്യാറാകുന്നില്ല. ഭരണഘടനാപരമായ ആനുകൂല്യങ്ങൾപോലും ഇവർക്കു നിഷേധിക്കുന്നു. ആകാശം എത്തിപ്പിടിക്കാൻ ചാടിയിട്ട് ഭൂമിയും നഷ്ടപ്പെട്ട ഒരു സാഹചര്യം ഇന്നു നമ്മുടെ രാജ്യത്തു നിലനിൽക്കുകയാണ്. ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾ ഇവർക്കു കൊടുക്കേണ്ടതായിട്ടുണ്ട്. ഇൻഡ്യൻ ഭരണഘടനയിൽ വളരെ വ്യക്തമായി ചില കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. ആർട്ടിക്കൾ 15 (1) ൽ ഇങ്ങനെ പറയുന്നുണ്ട്:

''The State shall not discriminate against any citizen on grounds only of religion, race, caste, sex, place of birth or any of them''.

16 (2) പറയുന്നത്—''No citizen shall, on grounds only of religion, race, caste, sex, descent, place of birth, residence or any of them, be ineligible for, or discriminate against in respect of any employment or office under the State.''

ആർട്ടിക്കിൾ 25 (1) ൽ പറയുന്നത്—''Subject to public order, morality and health and to the other provisions of this Part, all persons are equally entitled to freedom of conscience and the right freely to profess, practise and propagate religion.''

LIBRARY ARCHIVES Kerala Legislative Assembly

എന്നാണ്. വാസ്തവത്തിൽ 25 (1)-ാം വകുപ്പിനു വിധേയമായി ക്രിസ്തുമതം സ്വീകരിച്ച ഹരിജൻ വംശജർക്ക് ഭരണഘടനയുടെ 15 (1), 16 (2) വകുപ്പുകളിൽ ഉറപ്പു നല്കിയിട്ടുള്ള അവകാശങ്ങൾ നിഷേധിക്കപ്പെട്ടിരിക്കുന്നു. ന്യൂനപക്ഷങ്ങളുടെയും ഹരിജനങ്ങളുടെയും അവകാശങ്ങൾ സംരക്ഷിക്കേണ്ടതാണെന്ന് എല്ലാവരും പറയാറുണ്ടെങ്കിലും സൗകര്യപൂർവ്വം അത് വിസ്മരിക്കുന്ന ഒരു സാഹചര്യം ഇന്നു നമ്മുടെ രാജ്യത്തു നിലനില്ക്കുന്നു. ഇതിനു മാറ്റമുണ്ടായേ പറ്റൂ. സർ, ഇന്നു പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ലിസ്റ്റു തയ്യാറാക്കുന്നതിന് ഒരു സംവിധാനം നമ്മുടെ രാജ്യത്തു നിലനില്ക്കുന്നുണ്ട്. മതപരിവർത്തനം നടത്തിയ ജനങ്ങളുടെ പിന്നോക്കാവസ്ഥയെക്കുറിച്ച്, ആർക്കും അഭിപ്രായ വ്യത്യാസമില്ല. ഈ ലിസ്റ്റ് തയ്യാറാക്കുന്നതിന് ഭരണഘടനയുടെ 341-ാം വകുപ്പു പ്രകാരം ചില നിബന്ധനകൾ ഉണ്ട്. 1950-ൽ പ്രസിഡണ്ടു പുറപ്പെടുവിച്ചതും പിന്നീടു പാർലമെന്റു ഭേദഗതിചെയ്തതുമായ ഭരണഘടന (പട്ടികജാതി) ഉത്തരവു പ്രകാരം അധഃകൃതജനവിഭാഗങ്ങളെ മാത്രമേ പട്ടികജാതിക്കാരായി പരിഗണിക്കൂ എന്നു പറഞ്ഞിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ 3-ാം ഖണ്ഡികയിൽ, ഹിന്ദുമതത്തിൽ നിന്നോ സിക്കുമതത്തിൽനിന്നോ വിഭിന്നമായ ഒരു മതം അനുഷ്ഠിക്കുന്നവരെയും പട്ടികജാതിയിൽ ഉൾപ്പെടുത്താൻ പാടില്ലെന്നു പറഞ്ഞിട്ടുണ്ട്. ഒരാൾ പട്ടികജാതിക്കാരനായിരിക്കണമെങ്കിൽ ഒന്നുകിൽ സിക്കുകാരനായിരിക്കണം അല്ലെങ്കിൽ ഹിന്ദുവായിരിക്കണം എന്നാണ് പ്രസ്തുത ഉത്തരവുകൊണ്ട് അർത്ഥമാകുന്നത്. മതപരിവർത്തനം നടത്തിയാൽ ഒരിക്കലും പട്ടികജാതിപട്ടികവർഗ്ഗക്കാരൻ ആ വിഭാഗത്തിൽനിന്നു മാറുന്നില്ല. മതപരിവർത്തനം ചെയ്ത ആൾ വീണ്ടും പട്ടികജാതിയിലേക്കു പോയാൽ അയാൾക്ക് ആനുകൂല്യങ്ങൾ വീണ്ടും കൊടുക്കും. ഇതാണ് നിലവിലിരിക്കുന്ന സംവിധാനം. ഇത് തികച്ചും വൈരുദ്ധ്യമാണ്. മതത്തിന്റെ പേരിലുള്ള വിവേചനവുമാണ്. അതിനീചവുമാണ്. അതുപോലെതന്നെ ഇൻഡ്യൻ ഭരണഘടന നല്കിയിട്ടുള്ള മത സ്വാതന്ത്ര്യത്തിനും മനസ്സാക്ഷി സ്വാതന്ത്ര്യത്തിനുമൊക്കെ എതിരായ ഒരു നടപടിയുമാണ്. ഇത് മൗലികാവകാശങ്ങളുടെ ഒരു ലംഘനമാണ്. കേന്ദ്രഗവൺമെന്റിന്റെ ഈ നടപടി മതനിരപേക്ഷതയ്ക്കു തീർച്ചയായും നിരക്കാത്തതാണെന്ന് എനിക്കഭിപ്രായമുണ്ട്. ലിസ്റ്റു തയ്യാറാക്കുന്നതിൽ പ്രസക്തമായ പല കാര്യങ്ങളും ഇൻഡ്യൻ ഭരണഘടനയിൽ പറഞ്ഞിട്ടുണ്ട്. ഞാൻ അതെല്ലാം ഉദ്ധരിച്ചു സംസാരിക്കാനാഗ്രഹിക്കുന്നില്ല. വളരെ പ്രസക്തമായിട്ടുള്ള ആർട്ടിക്കിൾ 366 (25) ഉം (26) ഉം ഉപവകുപ്പുകളിലും ആർട്ടിക്കിൾ 341 (1) ലും 342 (1) ലും 340 (1) ലും 341 (2) ലും 342 (2) ലും ഒക്കെ ഇതിനെക്കുറിച്ചു പ്രതിപാദിച്ചിരിക്കുന്നു. ഇതനുസരിച്ച് സംസ്ഥാനഗവൺമെന്റിനോടാലോചിച്ചശേഷമാണ് പട്ടികജാതി പട്ടികവർഗ്ഗങ്ങളുടെ ലിസ്റ്റ് പ്രസിദ്ധപ്പെടുത്താൻ പ്രസിഡണ്ടിന് അധികാരമുള്ളത്. ഇതിനെക്കുറിച്ച് പരിശോധിക്കുന്നതിനുള്ള കമ്മീഷനെ നിയമിച്ച് കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പാർലമെന്റിലേക്ക് ശുപാർശചെയ്യാനുമൊക്കെ ഇൻഡ്യൻ പ്രസിഡണ്ടിനു ചുമതലയുണ്ട്. പട്ടികജാതി പട്ടികവർഗ്ഗങ്ങളുടെ ലിസ്റ്റു പുതുക്കാനും നിലവിലിരിക്കുന്ന ലിസ്റ്റിൽ നിന്ന് ആരെയെങ്കിലും മാറ്റാനും പുതിയതായി ചേർക്കാനും പാർലമെന്റിന് അധികാരമുണ്ട്. സിക്കുമതവിശ്വാസികളായ ഹരിജൻ വംശജരെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തിയപ്പോൾ പട്ടികജാതി പട്ടികവർഗ്ഗക്കാരോടൊപ്പം സാമ്പത്തികമായും വിദ്യാഭ്യാസപരമായുമെല്ലാം പിന്നോക്കം നില്ക്കുന്ന ഹരിജൻ ക്രൈസ്തവരെകൂടി പട്ടികയിൽ ഉൾപ്പെടുത്തേ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടതായിരുന്നു. സർ, ഇതിനു കാരണമായി പറയുന്ന ചില പ്രധാനപ്പെട്ട സംഗതികളിൽ ഒന്ന് അയിത്താചരണമാണ്. ഏറ്റവും പിന്നോക്കം നില്ക്കുന്നവരെയാണ് സാധാരണയായി പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതെന്നും അവരുടെ പിന്നോക്കാവസ്ഥയാണു പ്രധാനപ്പെട്ട കാരണമെന്നും പറയുന്നുണ്ട്. നൂറ്റാണ്ടുകളായി നിലനിന്നുപോരുന്ന അയിത്താചരണമാണ് ഹിന്ദുമതത്തിന്റെ പ്രത്യേകതയെന്നും അതുകൊണ്ടാണ് ഹിന്ദുമതവിശ്വാസികളായ ഹരിജൻവംശജരെ മാത്രം പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് എന്നും ഒക്കെയാണ് പറഞ്ഞിരിക്കുന്നത്. ആ കാരണത്താൽ ക്രിസ്തുമതവിശ്വാസികളായ ഹരിജൻവംശജരെ പട്ടികജാതിലിസ്റ്റിൽ ഉൾപ്പെടുത്തുന്നതല്ലെന്നും പറഞ്ഞിരിക്കുന്നു. സർ, ഇത് ഒരിക്കലും അംഗീകരിക്കാൻ സാദ്ധ്യമല്ല. ഇന്നു ഹരിജനങ്ങൾക്കു നല്കികൊണ്ടിരിക്കുന്ന എന്തെങ്കിലും അവകാശം കുറയ്ക്കണമെന്നു ഞാൻ പറയുന്നില്ല. അവർക്കു കൊടുക്കുന്ന ആനുകൂല്യങ്ങൾ മുഴുവൻ കൊടുക്കണം. അല്പംകൂടി കൂട്ടിക്കൊടുക്കാൻ സാധിക്കുമെങ്കിൽ കൊടുക്കണം. കാരണം സമൂഹത്തിൽ ഏറ്റവും പിന്നോക്കം നില്ക്കുന്ന ആളുകളാണവർ. ഇക്കാര്യത്തിൽ വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങൾ നമ്മുടെ ഗവൺമെന്റു ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. സർ, ഈ സ്റ്റേറ്റു ഗവൺമെന്റിനു ചില കാര്യങ്ങൾ ചെയ്യാൻ സാധിക്കുമെന്നാണ് എന്റെ വിശ്വാസം. ലിസ്റ്റിൽ ആരെയെങ്കിലും ഉൾപ്പെടുത്താനുള്ള അവകാശം സ്റ്റേറ്റുഗവൺമെന്റിനില്ല. ആരെയും വിട്ടുകളയാനുള്ള അവകാശവും സ്റ്റേറ്റുഗവൺമെന്റിനില്ല. പക്ഷേ ഇൻഡ്യൻ ഭരണഘടന ആർട്ടിക്കിൾ 15 (4) ലും 16 (4) ലും 46 ലും പറയുന്നതനുസരിച്ച് നമ്മുടെ സ്റ്റേറ്റുഗവൺമെന്റിനു ചില അവകാശങ്ങളുണ്ട്. അതിവിടെ ഉദ്ധരിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ആർട്ടിക്കിൾ 15 (4) പറയുന്നത് ഇതാണ്: "Nothing in this article or in clause (2) of article 29 shall prevent the State from making any special provision for the advancement of any socially and educationally backward classes of citizens."

16 (4) ൽ പറയുന്നത്: "Nothing in this article shall prevent the State from making any provision for the reservation of appointments or posts in favour of any backward class of citizens which, in the opinion of the State, ..." ആർട്ടിക്കിൾ 46 ൽ "The State shall promote with special care the educational and economic interests of the weaker sections of the people, and in particular, of the Scheduled Castes and the Scheduled Tribes, and shall protect them from social injustice and all forms of exploitation."

എന്നാണു സർ, പറയുന്നത്. ഇതനുസരിച്ച് സ്റ്റേറ്റുഗവൺമെന്റുകൾക്ക് ചിലകാര്യങ്ങൾ ചെയ്യാൻ സാധിക്കും. ഉദാഹരണമായി എനിക്ക് ചൂണ്ടിക്കാണിക്കാനുള്ള ഒന്ന് മഹാരാഷ്ട്രയിൽ നടന്ന കാര്യമാണ്. സർ, 1956 ഒക്ടോബർ 14-ാം തീയതി അംബദ്കറുടെ നേതൃത്വത്തിൽ മഹാരാഷ്ട്രയിലെ 5 ലക്ഷത്തോളം വരുന്ന ഹരിജനങ്ങൾ ബുദ്ധമതം സ്വീകരിച്ചു. നവബുദ്ധർ എന്നാണവരറിയപ്പെടുന്നത്. അങ്ങനെ ബുദ്ധമതം സ്വീകരിച്ച ഹരിജനങ്ങൾക്ക് പത്തൊൻപതുവർഷം മുൻപ് ഒരു പ്രത്യേക ഗവൺമെന്റ് ആർഡർ പ്രകാരം ചില ആനുകൂല്യങ്ങൾ കൊടുക്കാൻ അവിടത്തെ ഗവൺമെന്റ് തയ്യാറായി. ഉദ്യോഗത്തിൽ സംവരണം നല്കാനും അതുപോലെതന്നെ മറ്റു ഹരിജനങ്ങൾക്കു നല്കികൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ നല്കാനും മഹാരാഷ്ട്രാ ഗവൺമെന്റ് അന്നുതയ്യാറായി. സർ, തീർച്ചയായും നാം ഇതു പരിഗണിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഈ സംസ്ഥാനഗവൺമെൻറിന്റെ അധികാരപരിമിതിക്കുള്ളിൽനിന്നു കൊണ്ടുതന്നെ, ഹരിജനങ്ങൾക്ക് ഇന്നു ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ നിഷേധിക്കാതെതന്നെ, ഇങ്ങനെ മതപരിവർത്തനം നടത്തി സാമ്പത്തികമായും സാമൂഹ്യമായും എല്ലാ നിലയിലും പിന്നോക്കം നില്ക്കുന്ന, അവശതയനുഭവിക്കുന്ന, ഈ വിഭാഗത്തിനുകൂടി ആനുകൂല്യങ്ങൾ കൊടുക്കാൻ നമ്മൾ തയ്യാറാകേണ്ടതായിട്ടുണ്ട്.

1952-ൽ അന്നു മുഖ്യമന്ത്രിയായിരുന്ന പനമ്പിള്ളി ഗോവിന്ദമേനോൻ കേന്ദ്രഗവൺമെൻറിലേക്ക് എഴുതി അയച്ച ഒരു കത്തിൽ വളരെ വ്യക്തമായി അദ്ദേഹം പറഞ്ഞു, ഈ സംസ്ഥാനത്തെപ്പറ്റി പറയുമ്പോൾ മതപരിവർത്തനംചെയ്ത ഹരിജനങ്ങൾ തീർച്ചയായും ഇന്നും പിന്നോക്കാവസ്ഥയിലാണ്, അവർക്കും ആനുകൂല്യങ്ങൾ കൊടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം എന്ന്. അവരെ പട്ടികജാതി പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതാണെന്നുള്ള അഭിപ്രായവും അദ്ദേഹം പറഞ്ഞിട്ടുണ്ട്.

സർ, നമ്മുടെ രാജ്യത്ത് ഇക്കാര്യത്തിൽ പല കമ്മീഷനുകളെയും നിയമിച്ചിട്ടുണ്ട്. കുമാരപിള്ള കമ്മീഷനെ നിയമിച്ച അവസരത്തിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഒരൊറ്റ വാക്യം മാത്രം ഞാനിവിടെ വായിക്കാം:

''We are convinced that in practice converts from Scheduled Castes are treated as socially backward.....''എന്നു പറഞ്ഞിട്ടുണ്ട്. അതുപോലെതന്നെ നെട്ടൂർദാമോദരൻ കമ്മീഷന്റെ റിപ്പോർട്ടു നാം തള്ളിക്കളഞ്ഞുവെങ്കിലും ആ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന ഒരു കാര്യം ഞാൻ ഓർക്കുകയാണ്. ''The degree of social backwardness of the Scheduled caste converts to Christianity is the same as before the conversion.'' എന്ന് അതിൽ പറഞ്ഞിരിക്കുന്നു. നമ്മുടെ രാജ്യത്ത് ഇന്നും ഹരിജനങ്ങളുടെ സ്ഥിതി നമുക്കറിയാം. സർ, ഒ.പി. ത്യാഗി എന്ന ഒരു മെമ്പർ ഇൻഡ്യൻ പാർലമെൻറിൽ ഒരു പ്രൈവറ്റ് ബിൽ അവതരിപ്പിച്ചു. വലിയ പ്രസക്തിയൊന്നുമില്ലെങ്കിലും, ഇൻഡ്യൻ ഭരണഘടന ജനങ്ങൾക്ക് അനുവദിച്ചിരിക്കുന്ന അവകാശങ്ങളെ ലംഘിക്കാൻ അതിൽ തയ്യാറായിരിക്കുന്നു എന്നുള്ളത് ഇവിടെ സൂചിപ്പിക്കുന്നത്, അതിന് അനുമതി കൊടുക്കാനും അതു സ്വീകരിക്കാനും പോകുന്നുവെന്നു മനസ്സിലാക്കുമ്പോൾ ജനതാപാർട്ടിയുടെ (അദ്ദേഹം ജനതാ പാർട്ടി അംഗമാണ്), കേന്ദ്രഗവൺമെൻറിന്റെ, ഈ വിഭാഗത്തോടുള്ള സമീപനമെന്താണെന്ന് നാം ഉൽകണ്ഠയോടുകൂടി വീക്ഷിക്കണം എന്നാണ് പറയാനുള്ളത്.

സർ, ഒന്നുരണ്ടു ആവശ്യങ്ങൾകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ഇന്ന് കേരളാ സ്റ്റേറ്റ് ഗവൺമെൻറ് നമ്മുടെ സംസ്ഥാനത്ത് ഹരിജൻ ഡവലപ്പ്മെൻറ് കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ട്. ഇവിടെയുള്ള കടംവായ്പാ പദ്ധതികൾ, മറ്റു സൗകര്യങ്ങൾ ഇതൊക്കെ അവശ ക്രിസ്ത്യാനികൾക്കുകൂടി ബാധകമാക്കണമെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും ഇന്നും അവർക്ക് ലഭിക്കുന്നില്ല. ലഭിക്കാനുള്ള നടപടികൾ ഗവൺമെൻറ് സ്വീകരിക്കണം. അതുപോലെതന്നെ അവശ ക്രൈസ്തവ കോർപ്പറേഷൻ രൂപീകരിക്കാൻ പോകുന്നതായി മനസ്സിലാക്കുന്നു, അതിന്റെ ഒരു സ്പെഷ്യൽ ആഫീസറെ നിയമിച്ചതായി

LIBRARY ARCHIVES Kerala Legislative Assembly

പത്രങ്ങളിൽ വാർത്ത വന്നു. സർ, ഇങ്ങനെ രൂപീകരിക്കുന്ന കോർപ്പറേഷൻ, മതപരിവർത്തനം ചെയ്ത ക്രിസ്തീയ വിഭാഗത്തിന് അവശ ക്രിസ്തവർക്ക് മാത്രം ആയിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അതു പോലെതന്നെ സർക്കാർ സർവ്വീസിൽ ഇന്ന് അനുവദിക്കുന്ന സംവരണം ഒരു ശതമാനം ആണ്. ബഹുമാനപ്പെട്ട ദാമോദരൻ കാളാശ്ശേരി ഈ നിയമസഭയിൽ പറഞ്ഞ കണക്കുകൂടി അനുസരിച്ച് 21 ലക്ഷം അവശ ക്രൈസ്തവർ ഉണ്ടെന്നോണാണ് പറയുന്നത്. സംവരണം ഒരു ശതമാനം എന്നുള്ളത് വർദ്ധിപ്പിച്ച് ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ഏഴു ശതമാനം ആക്കണമെന്നുള്ള അഭിപ്രായം എനിക്കുണ്ട്. അതുപോലെ തന്നെ വിദ്യാലയങ്ങളിൽ ഇന്ന് അവർക്ക് നൽകിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾകൂടി വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. സംവരണ കമ്മീഷനിൽ ഇവർക്ക് പ്രാതിനിധ്യം കൊടുക്കണം. ഇങ്ങനെയുള്ള കാര്യങ്ങൾ ഉണ്ട്. ഗവൺമെൻറ് ഡയറക്ട് റിക്രൂട്ട്മെൻറ് നടത്തുന്നുണ്ട്. ഹരിജനങ്ങളുടെ പിന്നോക്ക അവസ്ഥയെ പരിഗണിച്ചുകൊണ്ടാണ് അത് നടത്തുന്നത്. ഡയറക്ട് റിക്രൂട്ടുമെൻറിൻെറ കാര്യത്തിൽ, മതപരിവർത്തനം നടത്തിയ ഹരിജനങ്ങളുടെ കാര്യംകൂടി പരിഗണിക്കണം. സമൂഹത്തിൽ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളുടെ പ്രശ്നങ്ങളെക്കുറിച്ച് എല്ലാവരും ബോധവാൻമാരാണെന്നാണ് പറയുന്നത്. ഈ സഭയിൽ ഇരിക്കുന്ന ഏതെങ്കിലും കക്ഷിക്ക് ഇതിൽ അഭിപ്രായവ്യത്യാസം ഉണ്ടെന്ന് തോന്നുന്നില്ല. എല്ലാ കക്ഷികളും ഇതിനെ സ്വാഗതം ചെയ്യണമെന്നും ഇവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുന്ന നീക്കത്തിൽ സഹകരണം നൽകണമെന്നും മാത്രം പറഞ്ഞുകൊണ്ട് ഞാൻ നിറുത്തുന്നു.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, പ്രമേയത്തെ ഞാൻ പിൻതാങ്ങുകയാണ്. വളരെ സുപ്രധാനമായ, ഈ രാജ്യത്ത് കഴിഞ്ഞ പത്തു മുപ്പത്തിരണ്ടു വർഷക്കാലമായി ജനാധിപത്യം ലഭിച്ചതിനുശേഷവും അതിനുമുമ്പും ഇവിടെ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന, ഒരു പ്രശ്നത്തിൻെറ പരിഹാരം ഉണ്ടാക്കാൻ ഈ പ്രമേയത്തിനു കഴിയും എന്നുള്ള വിശ്വാസത്തോടുകൂടിയാണ് ഞാൻ ഇതിനെ പിന്താങ്ങുന്നത്. ഞാൻ ഇതു പറയുമ്പോൾ നമ്മുടെ രാജ്യത്ത് ഭരണഘടനാപരമായി ഏതു മതത്തിൽ വിശ്വസിക്കാനും അവകാശമുള്ള ഈ രാജ്യത്ത് ജനങ്ങളെ ആനുകൂല്യങ്ങളുടെ കാര്യത്തിൽ വേർതിരിച്ചു പല തട്ടുകളിലാക്കി നിറുത്തുന്ന പ്രവണത ഇന്നും ഇന്നലെയും ഉണ്ടായതല്ല, എന്ന് മറുവശത്തിരിക്കുന്ന സ്നേഹിതൻമാർ അംഗീകരിക്കുമെന്നാണ് എൻെറ വിശ്വാസം. കോൺഗ്രസ്സ് (ഐ) ഈ രാജ്യത്ത് 30 കൊല്ലക്കാലം ഭരിച്ചപ്പോഴും ഈ സ്ഥിതി ഇവിടെ തുടർന്നിരുന്നതാണ്. ഇന്നും വടക്കേ ഇൻഡ്യൻ മേധാവിത്വത്തിൽ ഇത് തുടരുന്നുവെന്നുള്ളതാണ് സത്യം. ശ്രീമാൻ ജേക്കബ് ജനതാപാർട്ടിയിലെ ഓ.പി. ത്യാഗിയെക്കുറിച്ചൊക്കെ ഇവിടെ പറഞ്ഞു. കലവറയില്ലാതെ, അർത്ഥശങ്കയില്ലാതെ, ഒരു കാര്യം അദ്ദേഹത്തോടു പറയാൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം ഞങ്ങളുടെ പ്രസ്ഥാനം, ജനതാപാർട്ടി, ഇക്കാര്യത്തിൽ ഈ ഗവൺമെൻറ് സ്വീകരിക്കുന്ന എല്ലാ നടപടികൾക്കും വളരെ ശക്തമായ പിന്തുണ നൽകുമെന്ന് അദ്ദേഹത്തെ ഈയവസരത്തിൽ ഓർമ്മിപ്പിക്കുവാനും ഉറപ്പുകൊടുക്കുവാനും ഞാൻ ആഗ്രഹിക്കുകയാണ്. വളരെ വ്യക്തമായി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്, മതപരിവർത്തനം ചെയ്യപ്പെട്ടവർക്ക്--അത് ഏതു മതത്തിലേക്കു പോയവരായാലും ശരി

LIBRARY ARCHIVES Kerala Legislative Assembly

അവർക്ക്—ഈ രാജ്യത്ത് ഭരണഘടനയിൽ കൊടുത്തിരിക്കുന്ന തുല്യമായ അവകാശം മറെറല്ലാ പട്ടികജാതി, പട്ടികവർഗ്ഗക്കാർക്കുമൊപ്പം കൊടുക്കണമെന്നുള്ള കാര്യത്തിൽ നമുക്കൊക്കെ ഒന്നിച്ചുനിൽക്കാം. പക്ഷേ ഈ പ്രമേയം പിൻവലിക്കരുത്. ഇത് ഇവിടെ പാസ്സാക്കണം. ഈ നിയമസഭയിൽ ഈ പ്രമേയം പിൻവലിക്കാൻ ആരും ആവശ്യപ്പെടരുത്. ഐകകണ്ഠ്യേന ഈ പ്രമേയം ഇവിടെ പാസ്സാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പ്രമേയത്തിന് കലവറയില്ലാത്ത പിൻതുണ ഞങ്ങൾ പ്രഖ്യാപനം ചെയ്യുന്നു.

മി. ഡെ. സ്പീക്കർ: ഈ പ്രമേയത്തിന് 35 ഭേദഗതികളും ഉണ്ട്. ഓരോ പാർട്ടിയിൽനിന്നും ഓരോ പേരു തന്നാൽ സന്തോഷം. അങ്ങനെയാണെങ്കിൽ ഓരോ ആൾക്കും ഈരണ്ടു മിനിട്ടു കൊടുക്കാം. അല്ലെങ്കിൽ ഓരോ മിനിട്ടേ കൊടുക്കാൻ കഴിയുകയുള്ളു.

ശ്രീ. എം. കെ. കേശവൻ: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

പ്രമേയത്തിന്റെ നാലാം വരിയിൽ ''വേണ്ട നടപടികളും'' എന്നതിനു ശേഷം ''അടിയന്തിരമായും'' എന്നുകൂടി കൂട്ടിച്ചേർക്കണം.

സർ, ഞാൻ ഈ പ്രമേയത്തിന്റെ ഉള്ളടക്കത്തോടു യോജിക്കുകയാണ്. ഒരു കാലത്ത് ഹിന്ദുക്കളായിരുന്ന ആളുകളും, ഹിന്ദുക്കളിലെ ഒരു വിഭാഗം ജൻമിമാരായ ആളുകളുടെ ക്രൂരമായ മർദ്ദനങ്ങൾക്കും, പീഡനങ്ങൾക്കും വിധേയരായതിന്റെ ഫലമായിട്ടാണ് മതപരിവർത്തനം ചെയ്തു മറെറാ ചില മതങ്ങളിലേക്ക് പോയിട്ടുള്ളത്. മതപരിവർത്തനം ചെയ്തു പോയതിന്റെ ഫലമായിട്ട്, ഭരണഘടനയിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വ്യവസ്ഥ ചെയ്തിരിക്കുന്ന ആനുകൂല്യങ്ങൾ ഇവർക്ക് ലഭിക്കുന്നില്ല. അതുകൊണ്ടാണ് ഇപ്പോൾ ഈ സഭയിൽ ഈ പ്രമേയം വന്നിട്ടുള്ളതെന്ന് നമുക്കറിയാം. ഇവിടെ പ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീ. ടി. എം. ജേക്കബ് കുമാരനാശാന്റെ ഒരു വരി പാടുകയുണ്ടായി. കുമാരനാശാൻ പാടിയ രണ്ടാമത്തെ വരിയും ഉണ്ട്. മറെറാള്ളവർക്കായ് ഉഴാനും വിതയ്ക്കാനും കറ കൊയ്യാനും പട്ടിണികിടക്കാനും മാത്രമായി ജീവിക്കുന്നവരാണ് ഈ ആളുകൾ. അത്തരം ആളുകളെക്കുറിച്ച് ആലോചിക്കുന്നതും അവർക്ക് നൻമ ചെയ്യുന്ന കാര്യങ്ങളെക്കുറിച്ച് തീരുമാനിക്കുന്നതും നല്ല കാര്യമാണ്. പക്ഷേ ഇവിടെ ആവശ്യപ്പെടുന്നതിൽ പ്രധാനപ്പെട്ട കാര്യം പട്ടികജാതിക്കാർക്ക് ഭരണഘടനയിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന 10 ശതമാനം റിസർവേഷൻ വേണമെന്നാണ്. പട്ടികജാതിക്കാർക്കു വ്യവസ്ഥ ചെയ്തിട്ടുള്ള റിസർവേഷൻ ഇപ്പോൾ ഇവർക്കു നൽകുന്നില്ല. ഇവർക്ക് വിദ്യാഭ്യാസാനുകൂല്യങ്ങളും മറെറാ കാര്യങ്ങളുമെല്ലാം നൽകുന്നുണ്ട്. ഈ 10 ശതമാനം റിസർവേഷൻ നല്കണമെങ്കിൽ ഇവരെ പട്ടികജാതിക്കാരുടെ ലിസ്റ്റിൽപ്പെടുത്തണം. അങ്ങനെ പെടുത്തണമെങ്കിൽ ഈ രാജ്യത്ത് ഇവരെ സംബന്ധിച്ച് സമഗ്രമായ ഒരു സെൻസസ് നടത്തണം. ഇന്ന് ഇവർ പട്ടികജാതിക്കാരുടെ ലിസ്റ്റിൽ അല്ല. ഇവരെ ലിസ്റ്റിൽ കേന്ദ്രഗവൺമെന്റ് ഉൾപ്പെടുത്തുന്നതിനുവേണ്ടി സമഗ്രമായ ഒരു സെൻസസ് എടുത്ത് അതിന്റെ രേഖകളുടെ അടിസ്ഥാനത്തിൽ മാത്രമേ ഇക്കാര്യങ്ങളെക്കുറിച്ച് ആലോചിക്കാൻ ആവുകയുള്ളു. ശ്രീ. ടി. എം. ജേക്കബ് അടക്കം സംസാരിക്കുമ്പോൾ പറയുന്ന അവശക്രൈസ്തവർ എന്നുള്ള പ്രയോഗം എനിക്ക് മനസ്സിലാകുന്നില്ല. ഒരു

LIBRARY ARCHIVES Kerala Legislative Assembly

കാലത്ത് മതം മാറിപ്പോയി എന്നുള്ളതുകൊണ്ട് എങ്ങനെയാണ് അവശത വന്നത് എന്ന് എനിക്ക് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. ദയവായി പ്രമേയാവതാരകൻ അടക്കമുള്ള ആളുകളും ഇവരെക്കുറിച്ചുള്ള ''അവശർ'' എന്ന വാക്ക് പിൻവലിക്കണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് പ്രമേയത്തെ അനുകൂലിക്കുകയാണ്.

ശ്രീ. എൻ. ഭാസ്കരൻ നായർ: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

പ്രമേയത്തിന്റെ രണ്ടാമത്തെവരിയിൽ ''ആനുകൂല്യങ്ങളും'' എന്ന വാക്കിനുശേഷം ''വർദ്ധിപ്പിച്ച്'' എന്നുകൂടി ചേർക്കണം.

സർ, പ്രമേയത്തിന്റെ തത്വത്തോട് യോജിക്കുകയാണ്. ശ്രീമാൻ കേശവൻ ഇവിടെ പറഞ്ഞു മതപരിവർത്തനത്തിന്റെ പ്രധാനകാരണം ഹിന്ദുക്കളുടെ മർദ്ദനം ആണെന്ന്. അതിനോട് ഞാൻ യോജിക്കുന്നില്ല. നേരെമറിച്ച് കൂടുതൽ ആനുകൂല്യം കിട്ടുമെന്നുള്ള പ്രതീക്ഷയിൽ മറ്റു ചില മതവിഭാഗക്കാരുടെ പ്രേരണകൊണ്ടും മറ്റും ഇങ്ങനെ മതപരിവർത്തനം നടത്താറുണ്ട്. അങ്ങനെ മതപരിവർത്തനം നടത്തിയശേഷം അവരെ ഒരു പ്രത്യേക വിഭാഗമായി കാണുകയും ആരാധനാ സങ്കേതങ്ങളിൽപ്പോലും പ്രത്യേക സ്ഥാനം കൊടുക്കുകയും ചെയ്തുവരുന്ന ഒരു അവസ്ഥയാണുള്ളത്. പ്രമേയത്തിന്റെ തത്വത്തോടു യോജിക്കുകയാണ്. അതോടൊപ്പംതന്നെ ഇന്ന് പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുള്ള ആനുകൂല്യത്തിന് യാതൊരു തരത്തിലുള്ള ഹാനിയും വരുന്ന ഭേദഗതി വരുത്താൻ പാടില്ലെന്നും അവർക്ക് കിട്ടിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങളും കൂടുതൽ കൊടുക്കണമെന്നും ഞാനും എന്റെ പാർട്ടിയും നിർബന്ധമായും കഴിഞ്ഞ അനേകവർഷങ്ങളായി പറഞ്ഞുകൊണ്ടിരിക്കുകയാണ്. അതിനു വിധേയമായി, മതപരിവർത്തനം ചെയ്തവർക്ക് എന്തെങ്കിലും വിധത്തിലുള്ള സംവരണം കൊടുക്കാൻ സാധിക്കുമെങ്കിൽ അതുകൂടി പരിഗണിക്കുന്നതിന് യാതൊരു ആക്ഷേപവുമില്ല. ആ നിലയിൽ ഈ പ്രമേയത്തെ അനുകൂലിക്കുകയാണ്.

ശ്രീ. വി. ജെ. ജോസഫ്: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

''മതപരിവർത്തനം ചെയ്ത പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ലഭിക്കുവാൻ വേണ്ട നടപടികളും'' എന്നതിനു പകരം ''മതപരിവർത്തനം ചെയ്ത പട്ടികജാതി, പട്ടികവർഗ്ഗക്കാരെ കൂടി പട്ടികജാതി, പട്ടികവർഗ്ഗ ലിസ്റ്റിൽ പെടുത്തുവാൻ വേണ്ട നടപടികളും സ്വീകരിക്കണമെന്ന്'' ചേർക്കണം.

ഞാൻ പ്രമേയത്തെ സർവ്വാത്മനാ പിൻതാങ്ങുകയാണ്. 1950-ൽ ഇൻഡ്യൻ പ്രസിഡണ്ട് ഭരണഘടനയുടെ 341-ാം വകുപ്പു പ്രകാരം പ്രഖ്യാപിച്ച ഒരു ഉത്തരവിൽ വന്നിട്ടുള്ള അപാകത നീക്കണമെന്നു മാത്രമാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. മതപരിവർത്തനം ചെയ്ത ആളുകൾക്ക് അവർ അനുഭവിച്ചുകൊണ്ടിരുന്ന ആനുകൂല്യങ്ങളും പിന്നീടും നൽകണമെന്നു മാത്രമാണ് ഞങ്ങൾ പറഞ്ഞത്. അതല്ലാതെ ശ്രീമാൻ കേശവൻ സൂചിപ്പിച്ചതുപോലെ അവശക്രൈസ്തവർ എന്നുള്ളതല്ല ഇവിടെ പ്രശ്നം.

LIBRARY ARCHIVES Kerala Legislative Assembly

മതപരിവർത്തനം ചെയ്ത ആളുകളും നാളിതുവരെ അനുഭവിച്ചുകൊണ്ടി രുന്ന ആനുകൂല്യങ്ങളും അവർക്ക് നൽകണം. നമ്മുടെ രാജ്യത്ത് മത പരിവർത്തനം ചെയ്തവർക്ക് ജോലി കിട്ടാതിരിക്കുകയും എന്നാൽ വീണ്ടും ഹിന്ദുമതത്തിലേക്ക് തിരിച്ചുപോകുമ്പോൾ ജോലി കിട്ടുകയും ഐ.എ.എസ്സ്.കാരായി പിന്നീട് വരികയും ചെയ്തിട്ടുള്ള സംഭവങ്ങളും ഉണ്ട്. മതപരിവർത്തനം ചെയ്തിട്ടുണ്ട് എന്നുള്ളതിന്റെ പേരിൽ ഈ അവകാശങ്ങളും നിഷേധിക്കുന്നത് ഭരണഘടനയുടെ അന്തസ്സത്തയ്ക്കും മതേതരത്വ സ്വഭാവത്തിനും വിരുദ്ധമാണ്. ഭരണഘടന യുടെ അന്തസ്സത്തയ്ക്കുള്ളിൽനിന്നുകൊണ്ട് കൊടുക്കാവുന്ന അവ കാശങ്ങളും ഉണ്ട്. ഈ സഭതന്നെ കുടുംബി സമുദായത്തെ പട്ടികജാതി പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര ഗവൺമെന്റിലേക്ക് ശുപാർശ ചെയ്തിട്ടുണ്ട്. അവശത അനു ഭവിക്കുന്നവൻ മതപരിവർത്തനം ചെയ്തിട്ടുണ്ടെന്നുള്ള ഒറ്റ കാരണത്തിന്റെ പേരിൽ ഹിന്ദുവോ സിക്കുകാരനോ അല്ല എന്നുള്ള ഒറ്റ കാരണത്തിന്റെ പേരിൽ ഈ ആനുകൂല്യങ്ങളും നിഷേധിക്കുന്നത് നീതിക്കു വിരുദ്ധ മാണ്; ഭരണഘടനയുടെ അന്തസ്സത്തയ്ക്കു വിരുദ്ധമാണ്; മതേതരത്വ സ്വഭാവത്തിനു വിരുദ്ധമാണ്. വിഷയത്തെപ്പറ്റി വാചാ ലമായി പ്രസംഗിക്കുന്ന ആളുകളും ഇതെന്തുകൊണ്ടു പറയുന്നില്ല എന്നു ചോദിക്കാൻ ഞാനാഗ്രഹിക്കുന്നു. കുടുംബി സമുദായത്തിന്റെ പേര് പട്ടികജാതി പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യ പ്പെട്ടതുപോലെ മതപരിവർത്തനം ചെയ്ത ആളുകൾക്കും അവർ ക്രൈസ്തവരോ മുസ്ലീംങ്ങളോ ആകട്ടെ, ഏതു മതവിഭാഗത്തിലേക്കു പോയാലും ശരി മതപരിവർത്തനം ചെയ്തവർക്ക് മുഴുവൻ പട്ടികജാതി പട്ടികവർഗ്ഗങ്ങളും അനുഭവിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങളും പൂർണ്ണ മായും തുല്യമായും കിട്ടത്തക്കവിധത്തിൽ അവരെ ഈ ലിസ്റ്റിൽ ഉൾ പ്പെടുത്തണമെന്ന് കേന്ദ്രഗവൺമെന്റിനോട് ശുപാർശ ചെയ്യണമെന്ന ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. പി. രാമൻ: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പി ക്കുന്നു.

പ്രമേയത്തിൽ രണ്ടാമത്തെ വരിയിൽ ''എല്ലാവിധ'' എന്നതിനു പകരം ''ചില'' എന്നും, മൂന്നാമത്തെ വരിയിൽ ''ചെയ്ത'' എന്നതിനു ശേഷം ''ആവശ്യമുള്ള'' എന്നും ചേർക്കണം.

സർ, പട്ടികജാതി, പട്ടികവർഗ്ഗക്കാരിൽനിന്നും മതപരിവർത്തനം ചെയ്തവർക്ക് പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ എല്ലാ ആനുകൂല്യ ങ്ങളും അനുവദിച്ചുകൊടുക്കണമെന്ന വാദം ശരിയല്ല. നമ്മുടെ സംസ്ഥാ നത്ത് ഇന്നു പട്ടികജാതി പട്ടികവർഗ്ഗക്കാരിൽനിന്നും മതപരിവർത്തനം ചെയ്തുകാണുന്നത് ഇസ്ലാംമതത്തിലേക്കും ക്രിസ്തുമതത്തിലേക്കു മാണ്. ഈ രണ്ടു മതങ്ങളുമായി പട്ടികജാതി പട്ടികവർഗ്ഗക്കാരെ താര തമ്യപ്പെടുത്തിയാൽ സാമ്പത്തികമായും സാമൂഹ്യമായും സാംസ്കാരിക മായും വളരെ പിന്നോക്കമാണെന്നു കാണാം. മതംമാറി ഇസ്ലാംമതം സ്വീകരി ക്കുകയാണെങ്കിൽ അയാൾ ആ മതത്തിന്റെ തത്ത്വങ്ങൾ അനുസരിക്കാൻ ബാദ്ധ്യസ്ഥനാണ്; ശരിക്കും അയാൾ ഇസ്ലാമായിക്കഴിഞ്ഞു. അതു പോലെ ക്രിസ്തുമതം സ്വീകരിച്ചാലും അതാണ് സ്ഥിതി. അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

മുന്നോക്കസമുദായത്തിൽപ്പെട്ടതിനുശേഷം ആ മതത്തിൽനിന്നുകൊണ്ട് ഈ പിന്നോക്കവർഗ്ഗക്കാരുടെ ആനുകൂല്യങ്ങളും ചോദിക്കുന്നത് തെറ്റാണ് രണ്ടു തോണിയിലും കാൽ വയ്ക്കുന്ന നയം ശരിയല്ല. മുസ്ലീമിനെ സംബന്ധിച്ചു പറയുകയാണെങ്കിൽ അവർ ഒരിക്കലും അതാഗ്രഹിക്കുന്നില്ല. മതം മാറിക്കഴിഞ്ഞാൽ ശരിക്കും മുസ്ലീമായിക്കഴിഞ്ഞു. സർ, നേരെമറിച്ച് ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം അങ്ങനെയല്ല. സർ, നമ്മുടെ കേരളത്തിൽ ശ്രീ. കേശവൻ സൂചിപ്പിച്ചതുപോലെ അവശ ക്രിസ്ത്യാനികളായി കാണാനാണ് അവർ ആഗ്രഹിക്കുന്നത്. അവശതയനുഭവിക്കുന്ന ഈ വിഭാഗത്തെ അവശ ക്രിസ്ത്യാനിയെന്നും അവശ മുസ്ലീമെന്നും രണ്ടു തരം പൗരൻമാരായി കാണുന്നത് ശരിയല്ല. അതുകൊണ്ട് മതംമാറി വേറൊരു മതം സ്വീകരിക്കുകയാണെങ്കിൽ മുസ്ലീം സമുദായം ചെയ്യുന്നതുപോലെ ആ മതത്തിന്റെ ചട്ടക്കൂട്ടിൽ നിർത്തിക്കൊണ്ട് അവർക്കുവേണ്ട എല്ലാ പരിരക്ഷകളും നൽകേണ്ടതാവശ്യമാണ്. എന്നാൽ എല്ലാ ആനുകൂല്യങ്ങളും ഇവർക്ക് കൊടുക്കണമെന്നുള്ള കാര്യത്തോടു യോജിക്കാൻ സാധിക്കുകയില്ല.

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, ഇൻഡ്യൻ ഭരണഘടന ഉറപ്പു നൽകിയിട്ടുള്ള മത സ്വാതന്ത്ര്യത്തിനും മതേതരത്വത്തിനും കടകവിരുദ്ധമായ നിലപാടാണ് പട്ടികജാതി പട്ടിക വർഗ്ഗക്കാരിൽനിന്നും ക്രൈസ്തവമതം സ്വീകരിച്ചിട്ടുള്ളവരോട് കേന്ദ്ര സംസ്ഥാന ഗവൺമെൻറുകളും അനുവർത്തിച്ചുവരുന്നത്. ഹൈന്ദവ മതത്തിൽപ്പെട്ടവർക്കും സിക്കുമതത്തിൽപ്പെട്ടവർക്കും നൽകിക്കൊണ്ടിരിക്കുന്നതായ ആനുകൂല്യങ്ങളും, സാമ്പത്തിക സഹായങ്ങളും, ഉദ്യോഗ സംബന്ധമായ സൗകര്യങ്ങളും ക്രൈസ്തവസമുദായത്തിൽനിന്നും പട്ടികജാതി പട്ടികവർഗ്ഗക്കാരിൽനിന്നും മത പരിവർത്തനം ചെയ്യപ്പെട്ടിട്ടുള്ളവർക്കുകൂടി നൽകേണ്ടതാവശ്യമാണ്. ഇൻഡ്യയിലെ ജനസംഖ്യയിൽ പകുതിയിലേറെ ഹരിജനങ്ങളിൽനിന്നും പട്ടികജാതി പട്ടിക വർഗ്ഗങ്ങളിൽനിന്നും മതപരിവർത്തനം ചെയ്യപ്പെട്ടിട്ടുള്ള ക്രൈസ്തവരാണ്. കേരളത്തിൽ ശ്രീ. കാളാശ്ശേരി മന്ത്രിയുടെ കണക്കനുസരിച്ച് തന്നെ 21 ലക്ഷം അവശതയനുഭവിക്കുന്ന, പിന്നോക്കാവസ്ഥയിൽ സ്ഥിതിചെയ്യുന്ന, ഇതുപോലുള്ള വർഗ്ഗങ്ങളിൽനിന്നും മതപരിവർത്തനം ചെയ്തിട്ടുള്ള ക്രൈസ്തവർ ഉണ്ട്. ഇവർക്ക് ഭരണഘടന അനുശാസിക്കുന്ന എല്ലാ വിധമായ ആനുകൂല്യങ്ങളും നൽകാവുന്നതാണ്. കേരളത്തിൽ നൂറ്റാണ്ടുകളായി നിലനിന്നുവരുന്ന ഹിന്ദു മുസ്ലീം ക്രിസ്ത്യൻ ഐക്യം നിലനിറുത്തണമെന്നാണ് ആഗ്രഹിക്കുന്നത്.

ശ്രീ. പി. കെ. ചാത്തൻമാസ്റ്റർ: സർ, മതപരിവർത്തനം ചെയ്ത പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകൾക്ക് ഇന്നുതന്നെ വിദ്യാഭ്യാസ സൗജന്യങ്ങളും തുടങ്ങിയവയെല്ലാം നൽകുന്നുണ്ടെങ്കിലും അവർക്ക് നിയമസഭയിലും പാർലമെൻറിലും ഉദ്യോഗത്തിലും റിസർവേഷൻ അനുവദിച്ചുകിട്ടണമെന്നുള്ളതാണ് പ്രധാനപ്പെട്ട ആവശ്യം. അത് അനുവദിക്കണമെങ്കിൽ അവരെ പട്ടികജാതിക്കാരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതാവശ്യമാണ്. പട്ടികജാതി സമുദായങ്ങൾക്ക് റിസർവേഷൻ അനുവദിക്കുന്നത് തികച്ചും ജനസംഖ്യാനുപാതികാടിസ്ഥാനത്തിലാണ്. അവർക്ക് 10 ശതമാനമാണ് ഇന്ന് കേരളത്തിൽ അനുവദിക്കുന്നത്. ഈ അടിസ്ഥാനത്തിൽ ഇവർക്കും സംവരണം അനുവദിക്കുന്നതിന് അവരുടെ വ്യക്തമായ ഒരു സെൻസസ്

LIBRARY ARCHIVES Kerala Legislative Assembly

എടുക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ശതമാനം നിശ്ചയിച്ച് ഉദ്യോഗസംവരണം, നിയമസഭാ സാമാജികത്വം, പഞ്ചായത്തുകളിലും കോർപ്പറേഷനുകളിലും റിസർവേഷൻ എന്നിവ അനുവദിച്ചുകിട്ടുന്നതിനുവേണ്ടി വ്യവസ്ഥചെയ്തു അത്രയും എം.എൽ.എ.-മാരെക്കൂടി ഈ നിയമസഭയിലേക്ക് കൊണ്ടുവരുന്നതിന് ശ്രമിക്കണം. 14 ഹരിജൻ എം.എൽ.എ.—മാരാണ് 10 ശതമാനം റിസർവേഷന്റെ അടിസ്ഥാനത്തിൽ വരുന്നത്. അവശ ക്രൈസ്തവർ അവർ 21 ലക്ഷം ഉണ്ടെങ്കിൽ അവരുടെ സെൻസസ് എടുത്ത് അത്രയും എം.എൽ.എ.—മാരെ കൂടി നിയമസഭയിലേക്ക് കൊണ്ടുവരുന്നതിന് അവർക്ക് നിയോജകമണ്ഡലങ്ങൾ നിശ്ചയിച്ച് അവരെ ഇവിടെ വരുത്താൻ അവസരം വേണം. ഇവരുടെ അവശത പെരുപ്പിക്കാൻ ഇനിയും സൗകര്യം കൊടുക്കുന്നത് ശരിയല്ല. അവർക്ക് റിസർവേഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളും പ്രത്യേക നിയോജകമണ്ഡലങ്ങളും കൊടുക്കണം. അതുമൂലം ആരുടെയെങ്കിലും നിയോജകമണ്ഡലങ്ങൾ പോയാലും സഹിച്ചേതീരൂ. കാരണം നിയമസഭയിലെ സീറ്റുകൾ വർദ്ധിക്കാൻ പോകുന്നില്ല. അവർ വളരെയധികം മർദ്ദനങ്ങളെല്ലാം സഹിച്ച് വന്നിട്ടുള്ളവരാണ്. ഇത് മുസ്ലീങ്ങളുടെയും ജൈനരുടേയും കാര്യത്തിലും വരും. ഇവരുടെ സെൻസസ് എടുത്തുകൊണ്ട് 1981-ൽ എങ്കിലും ഇത് നടപ്പിലാക്കാൻ ശ്രമിക്കണം. ഈ കാര്യത്തിലും ഇൻഡ്യയ്ക്കു മാതൃക കാണിക്കാൻ കേരളം മുമ്പോട്ട് വരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്.

മി. ഡെ: സ്പീക്കർ: കോൺഗ്രസ്സിൽനിന്നും ശ്രീ. ഫ്രാൻസിസ് മാത്രമേ സംസാരിക്കുന്നുള്ളുവെന്ന് അറിയിച്ചിട്ടുണ്ട്. അതുകൊണ്ട് അദ്ദേഹത്തിന് നാല് മിനിറ്റ് അനുവദിക്കുകയാണ്.

ശ്രീ. പി.ആർ. ഫ്രാൻസിസ്: സർ, പട്ടികജാതി പട്ടികവർഗ്ഗത്തിൽനിന്നും മത പരിവർത്തനം ചെയ്തിട്ടുള്ളവർക്കും പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുള്ള എല്ലാ ആനുകൂല്യങ്ങളും അനുവദിക്കണമെന്നാണ് ഈ അവസരത്തിൽ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മത പരിവർത്തനം ചെയ്തുകൊണ്ട് രാജ്യത്തെ അവശക്രൈസ്തവർക്ക് സാമ്പത്തികമായിട്ടും സാമൂഹ്യമായിട്ടും വിദ്യാഭ്യാസപരമായിട്ടും ഉള്ള മാറ്റങ്ങൾ ഉണ്ടാവുകയില്ലെന്ന് അതിനുവേണ്ടി നിയോഗിക്കപ്പെട്ട കമ്മീഷനുകൾ അഭിപ്രായപ്പെട്ടിട്ടുണ്ട്. കുമാരപിള്ള കമ്മീഷൻ, നെട്ടൂർ കമ്മീഷൻ എന്നിവ അവരുടെ റിപ്പോർട്ടിനകത്ത് വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. മത പരിവർത്തനംചെയ്ത ഹരിജനങ്ങൾ മതപരിവർത്തനം ചെയ്യാത്ത ഹരിജനങ്ങളേക്കാൾ കൂടുതൽ ബുദ്ധിമുട്ടിലും പ്രയാസത്തിലും കഴിഞ്ഞുകൂടുകയാണ്. ഇവരെ അംഗീകരിക്കാൻ തയ്യാറാകുന്നില്ല. ഇതുപോലെ മറ്റ് തരത്തിലുള്ള പ്രയാസങ്ങളും ഇവർക്ക് അനുഭവിക്കേണ്ടതായി വരുന്നുണ്ട്. അതുകൊണ്ട് അവർക്ക് സാമൂഹ്യവും സാമ്പത്തികവും വിദ്യാഭ്യാസപരവും ആയ മാറ്റങ്ങൾ ഉണ്ടാകുന്നില്ല. ഭരണഘടനയിൽ ഉറപ്പ് ചെയ്തിട്ടുള്ള മൗലികാവകാശങ്ങൾ ഒരു ജാതിയിൽനിന്നും മത പരിവർത്തനം ചെയ്തെന്ന കാരണത്താൽ നിഷേധിക്കപ്പെടാൻ സാധിക്കുകയില്ല. ഇൻഡ്യൻ ഭരണഘടനയ്ക്കു രൂപം കൊടുക്കുന്ന കാലഘട്ടത്തിൽത്തന്നെ ഇൻഡ്യയിലെ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി വാദിക്കുന്നതിനുവേണ്ടി ഇൻഡ്യയിലെ കോൺസ്റ്റിറ്റ്യൂവന്റ് അസംബ്ലിയിലേക്ക് അന്നത്തെ പ്രധാനമന്ത്രി ശ്രീ. ജവഹർലാൽ

LIBRARY ARCHIVES Kerala Legislative Assembly

നെഹ്റു ചില പ്രതിനിധികളെ നോമിനേറ്റു ചെയ്തിരുന്നു. ദൈശാസ്ത്ര പണ്ഡിതനായ ഫാദർ ജറോൺ ഡിസൂസയേയും നോമിനേറ്റ് ചെയ്തിരുന്നു. ന്യൂനപക്ഷങ്ങളുടെ മൗലികമായ അവകാശങ്ങളെ സംബന്ധിച്ചിടത്തോളം അദ്ദേഹം നൂറിലധികം പ്രസംഗങ്ങൾ ചെയ്തിട്ടുണ്ടെന്നാണ് പറയുന്നത്. ഞങ്ങൾ അന്ന് തെറ്റുകാരായിരുന്നുവെങ്കിൽ ആ തെറ്റ് ഞങ്ങൾ ഏറ്റെടുക്കുകയാണ്. അദ്ദേഹം ഞങ്ങൾ ഈ രാജ്യത്ത് ബഹുജനങ്ങളുമായി അലിഞ്ഞുചേർന്ന് നിങ്ങളുടെ അവകാശങ്ങൾ സംരക്ഷിച്ചുകൊള്ളാമെന്ന് പറയുകയാണ് ചെയ്തിട്ടുള്ളത്. ഭൂരിപക്ഷത്തിന്റെ ആ ഉറച്ച വിശ്വാസത്തിൽ അദ്ദേഹം ഉറച്ചു നിൽക്കുകയാണ്. ശ്രീ. ജവഹർലാൽ നെഹ്റുവും ഭരണഘടന എഴുതിയ അന്നത്തെ നിയമമന്ത്രിയായ ഡോക്ടർ അംബേദ്ക്കറും പ്രത്യേകമായി ന്യൂനപക്ഷമായ ക്രിസ്ത്യാനികൾക്ക് പ്രത്യേകിച്ച് ഹരിജനങ്ങളിൽനിന്നും മാനസാന്തരപ്പെട്ട ക്രസ്ത്യാനികൾക്ക് പ്രത്യേകമായി റിസർവേഷനോ സംവരണമോ എന്തെങ്കിലും ആവശ്യമുണ്ടോയെന്ന് ആവശ്യപ്പെടുന്ന കാലഘട്ടത്തിൽ ഫാദർ ജറോൺ ദൈശാസ്ത്ര പണ്ഡിതനായ അദ്ദേഹം പറഞ്ഞത് ഈ രാജ്യത്ത് ബഹുജനങ്ങളുമായി അലിഞ്ഞുചേർന്നുകൊണ്ട് ഞങ്ങളുടെ അവകാശങ്ങൾ സംരക്ഷിച്ചുകൊള്ളാമെന്നാണ്. അല്ലെങ്കിൽ ചെറിയ ന്യൂനപക്ഷങ്ങൾക്ക ഇവിടെ റിസർവേഷനോ സംവരണമോ ഭരണഘടനയിൽ ഉറപ്പു നൽകുമായിരുന്നു. എന്നാലും മൗലികാവകാശങ്ങളിൽ എല്ലാ മതക്കാരുടെയും ജാതിക്കാരുടെയും വിശ്വാസക്കാരുടെയും അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ഉറപ്പ് നൽകിയിരിക്കുന്നതുകൊണ്ട് മതപരിവർത്തനം ചെയ്തതായ പട്ടികജാതി പട്ടിക വർഗ്ഗക്കാരുടെ അവകാശങ്ങൾ വകവെച്ചുകൊടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതിനുവേണ്ടി ഒരു കോർപ്പറേഷൻ ഉണ്ടാക്കാൻ പോകുന്നു എന്ന് അറിയുന്നു. ആ കാര്യത്തിൽ ഞാൻ ഗവൺമെന്റിനെ അഭിനന്ദിക്കുകയാണ്. 1955-ൽ മുഖ്യമന്ത്രിയായിരുന്ന ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോനും അതിനുശേഷം മുഖ്യമന്ത്രിയായിരുന്ന ശ്രീ. അച്യുതമേനോനും ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളെ സംബന്ധിച്ചിടത്തോളം അവർക്ക് സംരക്ഷണം നൽകേണ്ടതാണെന്നും പട്ടികജാതിയിൽ ഉൾപ്പെടുത്തേണ്ടതാണെന്നും കേന്ദ്രഗവൺമെന്റിനോട് ശുപാർശ ചെയ്തിട്ടുണ്ട്. അതുകൊണ്ട് മതപരിവർത്തനം ചെയ്തതുകൊണ്ട് സാമ്പത്തികമായോ സാമൂഹ്യമായോ വിദ്യാഭ്യാസപരമായോ ഉള്ള മാറ്റങ്ങൾ ഉണ്ടാകാത്ത പട്ടികജാതി പട്ടികവർഗ്ഗക്കാരെ സംബന്ധിച്ചിടത്തോളം ഉള്ള എല്ലാ അവകാശങ്ങളും ആനുകൂല്യങ്ങളും മതപരിവർത്തനം ചെയ്ത പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. കല്ലടനാരായണൻ: സർ, ഈ പ്രമേയത്തിന്റെ സ്പിരിറ്റിനോട് യോജിപ്പുണ്ടെങ്കിലും അതിന്റെ വാദഗതിയോട് യോജിക്കുന്നില്ല. എല്ലാ ആനുകൂല്യങ്ങളും എന്നു പറയുമ്പോൾ, ചില ആനുകൂല്യങ്ങൾ സംസ്ഥാന ഗവൺമെന്റ് ചെയ്യേണ്ടതാണ്, ചില ആനുകൂല്യങ്ങൾ കേന്ദ്രഗവൺമെന്റ് ചെയ്യേണ്ടതാണ്. സാമൂഹ്യ.സാമ്പത്തിക രംഗങ്ങളിൽ പിന്നോക്കം നിൽക്കുന്നവരെ ഉയർത്തണം. അതിനുവേണ്ടി സംസ്ഥാന ഗവൺമെന്റിന് എന്തെല്ലാം ചെയ്യാൻ സാധിക്കുമോ അതെല്ലാം ചെയ്യണം. ഉദ്യോഗസംവരണത്തിലും മറ്റും ഇവർക്ക് ഹരിജനങ്ങൾക്ക് കിട്ടുന്നതായ ആനുകൂല്യങ്ങൾ ലഭിക്കണമെന്നുണ്ടെങ്കിൽ ഇവരുടെ

LIBRARY ARCHIVES Kerala Legislative Assembly

ലിസ്റ്റിൽ വരണം. ഇവരെ ഈ ലിസ്റ്റിൽ വരുത്തുവാനുള്ള അധികാരം സംസ്ഥാനഗവൺമെൻറിനു് ഇല്ല. ആ അധികാരം ഇൻഡ്യാഗവൺമെൻറിനാണുള്ളതു്. സർ, ഇതൊരു അതിലേന്ത്യാ പ്രശ്നം കൂടിയാണു്. ഇൻഡ്യയിലെ 22 സ്റ്റേറ്റുകളും ഇതിനെ സംബന്ധിച്ചു് ആലോചിക്കണം. ഈ വിഭാഗം സാമൂഹികമായി വളരെപിന്നോക്കമാണെന്നുള്ള നിലയ്ക്കു് ഇവരെ ഉയർത്തേണ്ടതാവശ്യമാണു്. ആ നിലയ്ക്കു് സംസ്ഥാന ഗവൺമെൻറിനു് ചെയ്യാവുന്ന പരമാവധി ആനുകൂല്യങ്ങളും നൽകുവാൻ ശ്രമിക്കുമെന്നപേക്ഷിച്ചുകൊള്ളുന്നു.

ശ്രീ. പി.സി. ജോസഫ്: സർ, ശ്രീ. ചാത്തൻ മാസ്റ്റർ പറഞ്ഞ കാര്യങ്ങളോടു് ഞാൻ പൂർണ്ണമായും യോജിക്കുകയാണു്. ഇതൊരു മതപരമായ കാര്യമായി കാണരുതു്; ഒരു സാമൂഹ്യ പ്രശ്നമായി കാണണം. സാമൂഹ്യനീതിക്കുവേണ്ടി നിലകൊള്ളുന്ന ഒരു ഗവൺമെൻറാണു് ഇവിടെയുള്ളതു്. പ്രതിപക്ഷവും അതിനുവേണ്ടിയാണു് നിലകൊള്ളുന്നതു് എന്നാണു് എൻറെ ആത്മവിശ്വാസം. ഈ സഭ സാമൂഹ്യനീതിക്കുവേണ്ടി നിലകൊള്ളുകയും ഈ പ്രശ്നം കാര്യക്ഷമമായി പരിശോധിക്കുകയും ചെയ്യണം എന്നപേക്ഷിക്കുകയാണു്. ഇതു് ഒരു പ്രത്യേകമതത്തിൻറെ കാര്യമായി ആരുംതന്നെ കാണരുതു്. ഇതു് മതംമാറിയ ക്രൈസ്തവരുടെ മാത്രം പ്രശ്നമല്ല. മതം മാറിയ എല്ലാ ജനവിഭാഗങ്ങളുടെയും പ്രശ്നം ഇതിൽ വരാം. ഇസ്ലാം മതത്തെക്കുറിച്ചു് ഇപ്പോഴും ശ്രീ. രാമനുണ്ണി പ്രമേയചർച്ചയിൽ ശ്രീ. കൊരമ്പയിൽ അഹമ്മദുഹാജിയും പറയുകയുണ്ടായി. അതുകൊണ്ടു് മതംമാറിയ എല്ലാ ജനവിഭാഗങ്ങളുടെയും പ്രശ്നമായതുകൊണ്ടു് ഇതൊരു സാമൂഹ്യപ്രശ്നമായി കാണണം. എന്നാണു് എൻറെ വിനീതമായ അഭിപ്രായം.

ശ്രീ. പി.പി. തോമസ്. സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയാണു്. വളരെയേറെ ചർച്ചചെയ്യപ്പെട്ടിട്ടുള്ള ഒരു വിഷയമാണു് മതപരിവർത്തനത്തെക്കുറിച്ചുള്ളതു്. മതപരിവർത്തനത്തിൻറെ ഉദ്ദേശ്യശുദ്ധി അത്ര നല്ലതല്ല. നമ്പർ വർദ്ധിപ്പിക്കുകയെന്നുള്ളതിൽ കവിഞ്ഞു് അവരെ രക്ഷിക്കുവാനുള്ള യാതൊരു നടപടിയുമില്ല. എതുപണ്ടും ഇല്ല, നാളെയുണ്ടാകുമെന്നു പ്രതീക്ഷിക്കുവാനുള്ള ന്യായവും ഇല്ല. കേവലം പേരുമാറ്റി. ചെങ്ങന്നൂർ തിരുവല്ലാ പ്രദേശത്തൊക്കെ ഇപ്പോഴും പുലയപള്ളി ഉണ്ടെന്നാണു് പറഞ്ഞുകേൾക്കുന്നതു്. അതു് എത്ര അപമാനകരമാണു്. ആത്മാർത്ഥതയില്ലാതെയാണു് മതപരിവർത്തനം നടത്തുന്നതിനു ശ്രമിച്ചിട്ടുള്ളതു്. നമ്പർ വർദ്ധിക്കുമ്പോഴും സ്വാഭാവികമായും ശ്രീ. ചാത്തൻ മാസ്റ്റർ പറഞ്ഞ ആശങ്കയില്ല. ഇപ്പോഴും നിലവിലുള്ള റിസർവേഷൻ അനുസരിച്ചു് പത്തു് ശതമാനം വരുമ്പോഴും അവർക്കും പത്തു് ശതമാനം വരുന്നുണ്ടു്. അവരുടെ നമ്പർ നഷ്ടപ്പെടുന്നില്ല. ജനസംഖ്യ കൂടുന്നതിനനുസരിച്ചു ശതമാനവും വർദ്ധിപ്പിക്കണം. അങ്ങനെ പെർസൻറേജു് കൂട്ടിയാൽ അതിനനുസരിച്ചുള്ള ബെനിഫിറ്റും വീതിച്ചുകൊടുക്കുവാൻ കഴിയും. ഏതു് മതത്തിൽനിന്നും പരിവർത്തനം ചെയ്താലും അവർ പട്ടികജാതി സ്ഥാനാർത്ഥികളായിട്ടാണു് തെരഞ്ഞെടുക്കപ്പെടുന്നതു്. അപ്പോൾ ഇവർ പട്ടികജാതിക്കാരെന്നുള്ളനിലയ്ക്കു് ആനുകൂല്യം വർദ്ധിപ്പിച്ചുകൊടുക്കുവാനുള്ള നടപടി സ്വീകരിക്കണം. ഈ പ്രമേയം ആവശ്യമാണു്. ഇതു് പാസ്സാക്കണമെന്നഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വക്കംപുരുഷോത്തമൻ: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുകയാണ്. പ്രമേയത്തിൽ അവസാനമായി "എന്നാൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കു ഇന്നു ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങളും അവർക്ക് നഷ്ടപ്പെടാതിരിക്കുവാൻ വേണ്ടി മതപരിവർത്തനം ചെയ്ത വരെ പ്രത്യേക വിഭാഗമായി കണക്കാക്കി ആനുകൂല്യങ്ങളും നൽകുന്നതിന് വ്യവസ്ഥ ചെയ്യേണ്ടതാണ്" എന്നുകൂടി കൂട്ടിച്ചേർക്കണം.

സർ, എനിക്ക് മുൻപ് സംസാരിച്ച അംഗങ്ങളും പ്രകടിപ്പിച്ച വികാരങ്ങളോട് ഞാനും പൂർണ്ണമായി യോജിക്കുകയാണ്. അവർ ഈ പ്രമേയത്തെ പിന്താങ്ങിയെങ്കിലും എന്തോവേദന അവരുടെ ഉള്ളിൽ ഉള്ളതായി കേൾക്കാൻകഴിഞ്ഞു. ഈ പ്രമേയത്തോട് ആരും എതിരല്ല. മതപരിവർത്തനം ചെയ്തുവെങ്കിലും ഇന്നും അവർ ഹരിജനങ്ങളുടെ അവശതകളും അനുഭവിക്കുന്നവരാണ്. ഇതിനെക്കുറിച്ച് അസംബ്ലിയിൽ മാത്രമല്ല, പാർലമെന്റിൽവരെ റെപ്രസന്റേഷൻ കൊടുക്കണം. ഇന്നു ഹരിജനങ്ങളായി കഴിയുന്ന ആളുകളുടെ ആനുകൂല്യം യാതൊരു കാരണവശാലും നഷ്ടപ്പെടാൻ പാടില്ല. മതപരിവർത്തനംകൊണ്ട് ആനുകൂല്യം ലഭിച്ചിട്ടുള്ള ആളുകളും അത് കുറേയെല്ലാം പ്രയോജനപ്പെടുത്തിയിട്ടുണ്ട്. മതപരിവർത്തനം ചെയ്തവരേയും ഹരിജനങ്ങളേയും ഒരു ഗ്രൂപ്പായി കൊണ്ടുവന്നാൽ, ഇന്നുള്ള ഹരിജനങ്ങളുടെ റിസർവേഷനും മറ്റാനുകൂല്യങ്ങളും കൊടുക്കണമെന്നു പറഞ്ഞാൽ എല്ലാ ആനുകൂല്യങ്ങളും നഷ്ടപ്പെടുന്ന സാഹചര്യമുണ്ട്. അതുകൊണ്ട് ഹരിജനങ്ങളുടെ പിച്ചച്ചട്ടിയിൽ കൈയിടുന്ന ഒരേർപ്പാടായി ഇത് മാറരുത്. ഇവരെ പ്രത്യേക വിഭാഗമായി നിറുത്തണമെങ്കിൽ ശ്രീ. ചാത്തൻമാസ്റ്റർ പറഞ്ഞതുപോലെ അവർക്ക് വേണ്ട എല്ലാ ആനുകൂല്യങ്ങളും നൽകുവാൻ തയ്യാറാകണം.

ശ്രീ. കെ. രാഘവൻമാസ്റ്റർ: സർ, ശ്രീ. വക്കം പുരുഷോത്തമൻ അവതരിപ്പിച്ച ഭേദഗതിയോട് ഞാൻ യോജിക്കുകയാണ്. കാരണം മതപരിവർത്തനം ചെയ്യപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗക്കാർ സാമൂഹ്യമായി അല്പം ഉയർന്ന നിലയിലാണ്. സാമൂഹ്യമായി പിന്നോക്കംനിൽക്കുന്നവർക്കാണ് ഇന്നു റിസർവേഷനും മറ്റാനുകൂല്യങ്ങളും കൊടുക്കുന്നത്. കേരളത്തിലെ ആകെ ജനസംഖ്യ 213 ലക്ഷമാണ്. അതിൽ 21 ലക്ഷത്തോളം ഹരിജനങ്ങളുണ്ട്. അവർക്ക് ഇന്നത്തെ നിലയിലുള്ള റിസർവേഷൻ 10 ശതമാനമാണ്. അത് ഇരുപതു ശതമാനമായി വർദ്ധിപ്പിക്കണം. സാമൂഹ്യമായി പിന്നോക്കം നിൽക്കുന്നുവെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ അവർക്ക് പ്രത്യേകമായി ഒരു സംവിധാനം എല്ലാരംഗങ്ങളിലും ഉണ്ടാകണം. അതിനോട് യോജിക്കുകയാണ്. സർ, യാതൊരാത്മാർത്ഥതയോടും കൂടിയല്ല കേരളകോൺഗ്രസ്സുകാർ ഇത്തരത്തിലുള്ള ഒരു പ്രമേയം കൊണ്ടുവന്നത്. കാരണം ഈ സംസ്ഥാനത്ത് ഏറ്റവും അവശതയനുഭവിക്കുന്ന ആദിവാസികൾക്ക് വേണ്ടി ഒരു ബിൽ കൊണ്ടുവന്നപ്പോൾ അതിനെ ശക്തിയായി എതിർക്കുകയും ഈ ബിൽ നടപ്പിലാക്കുകയാണെങ്കിൽ അവർ ഈ മന്ത്രിസഭയിൽനിന്നും മാറിപ്പോവുകയും ചെയ്യുമെന്നുവരെ പറഞ്ഞവരാണ് കേരളകോൺഗ്രസ്സുകാർ. സർ, ഇത് വെറും മുതലക്കണ്ണീർ മാത്രമാണ്.....(ബഹളം)

ശ്രീ. വി.സി. ജോസഫ്: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഗിരിവർഗ്ഗക്കാർക്കും ആദിവാസികൾക്കും വേണ്ടി എപ്പോഴും പ്രവർത്തിക്കുകയും നിലകൊള്ളുകയും ചെയ്തിട്ടുള്ള ഒരു രാഷ്ട്രീയപ്പാർട്ടിയെപ്പറ്റി ഇങ്ങനെ പച്ചക്കള്ളം പറയുന്നത് ഓർഡറിലാണോ?

LIBRARY ARCHIVES Kerala Legislative Assembly

മി: ഡെ: സ്പീക്കർ: ഇതിൽ പോയിന്റ് ഓഫ് ഓർഡർ ഒന്നുമില്ല.

ശ്രീ: വി. ഈച്ചരൻ: പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ഇന്നു നിലവിലുള്ള റിസർവേഷൻ സൗകര്യങ്ങളും മറ്റാനുകൂല്യങ്ങളും നില നിറുത്തിക്കൊണ്ട് മറ്റു മതങ്ങളിലുള്ളവർ മതപരിവർത്തനം ചെയ്തു വരുമ്പോഴും അവർക്ക് വേണ്ട ആനുകൂല്യങ്ങളും ചെയ്തുകൊടുക്കുന്നതിൽ ഞങ്ങൾക്ക് യാതൊരു മടിയുമില്ല. അത് ചെയ്യേണ്ടതാവശ്യമാണ്. പട്ടിക ജാതിക്കാരെ ഭരണഘടനയിലുൾപ്പെടുത്തുവാൻ കാരണം, അന്നത്തെ സാമൂഹ്യവ്യവസ്ഥയനുസരിച്ച് പിന്നോക്കംനിൽക്കുന്ന ആളുകളുടെ ലിസ്റ്റ് ഉണ്ടാക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിലുള്ള ആനുകൂല്യങ്ങളും നൽകുന്നതിനും വേണ്ടിയാണ്. അന്നത്തെ പാർട്ടിഫെഡ് ചെയർമാനായ അംബദ്കർ പട്ടികജാതിക്കാരനായിരുന്നു. അദ്ദേഹം മതപരിവർത്തനം ചെയ്തതോടുകൂടി അദ്ദേഹത്തിന്റെ അനുയായികളും മതപരിവർത്തനം ചെയ്തു. അവർ പിന്നീട് അത് നിഷേധിക്കുകയുണ്ടായി. സാമൂഹ്യമായ പിന്നോക്കനില ഇന്നും നിലനിൽക്കുകയാണ്. വടക്കേ ഇൻഡ്യയിലും യു.പി.-യിലും ബീഹാറിലും എല്ലാം ഹരിജനങ്ങളെ തീയിലിട്ട് കൊല്ലുകയും മാനഭംഗപ്പെടുത്തുകയും മറ്റും ചെയ്യുകയാണ്. ഇപ്രകാരം അവർ ചെയ്യുന്നത് ജാതിയുടെയും പിന്നോക്കാവസ്ഥയുടെയും കാര്യം കണക്കിലെടുത്തുകൊണ്ടാണ്. അവരുടെ പിന്നോക്ക നിലയെക്കുറിച്ച് ഗവൺമെന്റ് കണക്കിലെടുത്തിട്ടില്ല. ഇന്നും ഹരിജനങ്ങളെസംബന്ധിച്ചു പറയുമ്പോഴും ആ സ്ഥിതി വിശേഷം നിലനിൽക്കുകയാണ്. അതുകൊണ്ട് ഇവർക്കു വേണ്ടി അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങളിൽ ഒട്ടും കുറവുവരുത്തുവാൻ പാടില്ല.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: സർ, ഞാൻ എന്റെ അമെൻറുമെന്റ് മൂവ് ചെയ്യുന്നില്ല. ഇത് സാമൂഹികവും മാനുഷികവും ആയ ഒരു പ്രശ്നമാണ്. ഭരണഘടനാപരമായ വിവേചനം ഇതിലുണ്ടെന്നു പറയുന്നതിൽ നൂറ് ശതമാനവും ശരിയാണ്. നമ്മുടെ ഭാരതത്തെ ഭാരതമാക്കുന്നത് ഭരണഘടനയുടെ മതേതരത്വസ്വഭാവമാണ്. ഏത് മതം സ്വീകരിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം കൊടുത്തുകഴിഞ്ഞതിനു ശേഷം, ഏത് മതം സ്വീകരിച്ചാലും സാമ്പത്തികാനുകൂല്യം നഷ്ടപ്പെടുമെന്നുള്ളത് നമ്മുടെ ഭരണഘടനയ്ക്കും ജനാധിപത്യമൂല്യത്തിനും ഒരു കളങ്കമാണ്. അപ്പോഴും മതപരിവർത്തനം നടത്തിയാലും സാമ്പത്തികമായി മെച്ചം ഉണ്ടാകുമെന്നു പറയുന്നത് നിരർത്ഥകമാണ്. അവർക്ക് യാതൊരു സാമ്പത്തികമെച്ചവും ഉണ്ടായിട്ടില്ല. അവശക്രൈസ്തവരും അതുപോലുള്ളവരും ഹരിജനങ്ങളെപ്പോലെതന്നെ യാതനയനുഭവിക്കുന്നവരും കണ്ണീരൊഴുക്കുന്നവരുമാണ്. ഹരിജനങ്ങളുടെ അവകാശം തട്ടിപ്പറിക്കണമെന്ന അഭിപ്രായം ഇല്ല. അവശക്രൈസ്തവരുടെയും അതുപോലെതന്നെ മതപരിവർത്തനം ചെയ്തവരുടെയും കണ്ണീരും യാതനകളും കണ്ടുകൊണ്ട് സഹാനുഭൂതിയോടുകൂടി ഗവൺമെന്റ് പെരുമാറണം. ഇതിന്റെ സ്പിരിറ്റിനോട് പൂർണ്ണമായി അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ – ഉപസംഹരിക്കുന്നു.

ശ്രീ. ഇ. നാരായണൻനായർ: ഈ പ്രമേയത്തിന്റെ സ്പിരിറ്റിനോട് ഞാൻ യോജിക്കുന്നു. അപ്പുറത്തുനിന്ന് സംസാരിച്ച സുഹൃത്ത് മതത്തിന്റെ കാര്യമൊന്നും നോക്കേണ്ടതില്ല, സാമൂഹ്യ അവശതയെ സംബന്ധിച്ച് നോക്കിയാൽമതിയെന്ന് പറഞ്ഞു. അതേയവസരത്തിൽ പ്രമേയത്തിൽ മതപരിവർത്തനം ചെയ്ത എന്നാണ് പറഞ്ഞിട്ടുള്ളത്. എന്തിന്

LIBRARY ARCHIVES Kerala Legislative Assembly

മതപരിവർത്തനം ചെയ്തുവെന്ന ചോദ്യം ഉന്നയിച്ചാൽ മതത്തെ സംബന്ധിച്ച് മനുഷ്യൻ നന്നായി പഠിച്ച് മറേറ മതമാണ് നല്ലതെന്ന് മനസ്സിലാക്കി മതപരിവർത്തനം ചെയ്തതല്ല അവശതപരിഹരിച്ചു കിട്ടുമെന്ന് മനസ്സിലാക്കി അങ്ങോട്ട് മാറിയതാണ്. അങ്ങനെയാണെങ്കിൽ പോലും പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ഇന്ന് നൽകികൊണ്ടിരിക്കുന്ന ആനുകൂല്യത്തിൽ യാതൊരു കുറവും വരുത്താതെ ഇവർക്കുംകൂടി ബാധകമാക്കണമെന്ന സ്പിരിറിനോട് ഞാൻ യോജിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. കെ.എ. മാത്യു: ഒരു മതേതര രാഷ്ട്രമായ ഭാരതത്തിന്റെ മൗലികമായ ആശയങ്ങൾക്ക് യോജിക്കുന്നതല്ല മതവിശ്വാസത്തിന്റെ പേരിലുള്ള വിവേചനം. ശ്രീ. കെ. രാഘവൻമാസ്റർ വിശദീകരിക്കേണ്ട കാര്യമൊന്നുമില്ല. പട്ടികജാതിപട്ടികവർഗ്ഗക്കാർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന എല്ലാ ആനുകൂല്യങ്ങളും തുടർന്നും അവർക്ക് ലഭിക്കും. സാമൂഹ്യ സാമ്പത്തിക രംഗങ്ങളിലെല്ലാം അവരെപ്പോലെതന്നെ അവശത അനുഭവിക്കുന്ന പരിവർത്തനംചെയ്ത ആളുകൾക്ക് സാമ്പത്തിക രംഗത്തും ഉദ്യോഗസംവരണ രംഗത്തുമെല്ലാം പ്രത്യേക ആനുകൂല്യം കൊടുക്കണമെന്നു മാത്രമാണ് അടിവരയിട്ട് പറയുന്നത്. അതിൽ മറേറ ആരും സംശയിക്കേണ്ട കാര്യമില്ല. ഉദ്യോഗ സംവരണത്തിൽ, സാമ്പത്തികമായ രംഗങ്ങളിൽ അതുപോലെതന്നെ വിദ്യാഭ്യാസസ്ഥാപനങ്ങളിലുള്ള പ്രവേശനത്തിലുമൊക്കെ അവർക്ക് പ്രത്യേകമായ കോട്ട അനുവദിച്ചുകൊണ്ട് പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ അവകാശങ്ങളെ ഹനിക്കാത്തരീതിയിൽ ക്രമീകരണം ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എം.കെ. കൃഷ്ണൻ: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുകയാണ്. പ്രമേയത്തിൽ ''മതപരിവർത്തനം ചെയ്ത പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുകൂടി'' എന്നതിനു പകരം ''മതപരിവർത്തനം ചെയ്ത പട്ടികജാതിക്കാർക്കുകൂടി'' എന്നാക്കി ഭേദഗതി ചെയ്യുക.'' അതിന്റെ വിശദാംശങ്ങളിലേക്ക് കൂടുതൽ കടക്കുന്നില്ല. പട്ടികവർഗ്ഗക്കാരിൽനിന്നും മതപരിവർത്തനം ചെയ്ത ആളുകൾക്ക് എല്ലാ ആനുകൂല്യങ്ങളും ഇവിടെ കിട്ടുന്നുണ്ട്. അത് മനസ്സിലാക്കണം. അവർക്ക് തെരഞ്ഞെടുപ്പിൽ മൽസരിക്കാം. മതപരിവർത്തനം ചെയ്ത പട്ടികവർഗ്ഗക്കാരെ പട്ടികവർഗ്ഗക്കാരായിതന്നെയാണ് കണക്കാക്കുന്നത്. പട്ടികവർഗ്ഗക്കാരിൽനിന്നും മതപരിവർത്തനം ചെയ്തവർ നമ്മുടെ സംസ്ഥാനത്ത് ഐ.എ.എസ്.-കാർ ഉണ്ട്. ഐ.എ.എസ്സിന്റെ പട്ടികവർഗ്ഗക്കാർക്കുള്ള റിസർവേഷനിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട് ഐ.എ.എസ്. നേടി ഇവിടെ ജോലിനോക്കുന്ന ആളുകളുണ്ട്. പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ വിവേചനമില്ല. ഈ പ്രമേയം പാസ്സാക്കുമ്പോഴും ഈ വിവരം കൂടി അറിയാത്ത ഒരു സഭയാണ് നമ്മുടേതെന്ന് വരുന്നത് ശരിയല്ല. അതുകൊണ്ട് എന്റെ ഭേദഗതി അംഗീകരിക്കണം. പട്ടികവർഗ്ഗക്കാർക്കുകൂടി എന്നതുമാറി പട്ടിക ജാതിക്കാർക്കുകൂടി എന്ന് മാറണം. ശ്രീ. വക്കംപുരുഷോത്തമൻ പറഞ്ഞ ആശങ്ക ഞങ്ങൾക്കില്ല. ഇവരെ കൂടി പട്ടികജാതിക്കാരിൽ ഉൾപ്പെടുത്തിയാൽ എല്ലാ ആനുകൂല്യവും കിട്ടും. ജനസംഖ്യയനുസരിച്ചുള്ള റിസർവ്വേഷൻ കിട്ടണം. ഭരണഘടനയനുസരിച്ച് ജനസംഖ്യാനുപാതികമായ എല്ലാ ആനുകൂല്യവും കിട്ടാൻ അവകാശമുണ്ട്. ഇപ്പോഴാണെങ്കിൽ മതപരിവർത്തനം ചെയ്ത പട്ടികജാതിക്കാരായിട്ടുള്ള ആളുകൾക്ക് റിസർവേഷൻ

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗകാര്യത്തിലും അസംബ്ലി, പാർലമെന്റ്, പഞ്ചായത്ത് എന്നിവിട ങ്ങളിലെ തെരഞ്ഞെടുപ്പിൽ നിൽക്കാൻ പാടില്ലെന്നത് ഒഴിച്ചാൽ മറ്റ് എല്ലാ വിദ്യാഭ്യാസ ആനുകൂല്യവും കൊടുക്കുന്നുണ്ട്. ശ്രീ. വക്കം പുരു ഷോത്തമൻ പ്രകടിപ്പിച്ച ആശങ്ക ഞങ്ങൾക്കില്ലെന്നു പറഞ്ഞത് അതുകൊ ണ്ടാണ്.

ശ്രീ. പി.ബി.ആർ. പിള്ള: സർ, ഈ പ്രമേയത്തിന്റെ സ്പിരിറ്റി നോട് ഞാൻ യോജിക്കുന്നു. ഹിന്ദുമതത്തിൽ പെട്ട പട്ടികജാതി പട്ടിക വർഗ്ഗക്കാർ തങ്ങളുടെ അവശത പരിഹരിക്കാൻ മതപരിവർത്തനം ആവശ്യ മാണെന്ന് കണക്കാക്കി മതപരിവർത്തനം നടത്തിയിട്ടും അവർ ഇന്നും അവശക്രിസ്ത്യാനികളായി കഴിയേണ്ടിവരുന്നു. ഇവരുടെ അവശത പരിഹരിച്ചിട്ടില്ലെന്നും അവർക്കുകൂടി ഹരിജനങ്ങൾക്കും ആദിവാസി കൾക്കും നൽകുന്ന ആനുകൂല്യങ്ങൾ കൊടുക്കണമെന്നുമാണ് ഞാൻ പറയു ന്നതിന്റെ അർത്ഥം. മതത്തിന്റെ പേരിൽ, ജാതിയുടെപേരിൽ ഈ രാജ്യത്തെ ആളുകളെ വേർതിരിച്ച് നിർത്തുന്നത് ശരിയല്ല. അതോടൊപ്പം തന്നെ കഴിഞ്ഞകാലത്തെ യാതനകളും വേദനകളും എല്ലാം സഹിച്ചുകൊണ്ട് ഒരു വിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ട് എല്ലാം സഹിച്ച ഹരിജനങ്ങളായ അവരുടെ ആളുകൾക്ക്, ആനുകൂല്യത്തിൽ യാതൊരു കോട്ടവും തട്ടാൻ പാടില്ല. അതോടൊപ്പംതന്നെ മതപരിവർത്തനം ചെയ്തവർക്ക് ആനു കൂല്യം കൊടുക്കുന്നത് മതപരിവർത്തനത്തിന് പ്രേരണയായിട്ട് രൂപാ ന്തരപ്പെടാനും പാടില്ല. മതപരിവർത്തനത്തിന്റെ പശ്ചാത്തലം എന്താ ണെന്ന് നമുക്കറിയാം. ഇത് പ്രേരണയായിട്ട് രൂപാന്തരപ്പെടാനും പാടില്ല. അവശത പരിഹരിക്കുകയും വേണം. ആ രൂപത്തിൽ ഈ പ്രമേയത്തിന്റെ ഉള്ളടക്കത്തിൽനിന്നുകൊണ്ട് പാസ്സാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. എം.വി. രാജൻ: ഈ നിയമസഭയിലേയ്ക്ക് രണ്ട് പ്രാവശ്യം തെരഞ്ഞെടുപ്പ് നടന്നു. ആ തെരഞ്ഞെടുപ്പുകളിൽ ഒരു ആദിവാസി യേയോ, മതപരിവർത്തനംചെയ്ത ഒരവശക്രിസ്ത്യാനിയേയോ സ്ഥാ നാർത്ഥിയായി നിർത്തി മത്സരിപ്പിക്കാനുള്ള സൻമനസ്സുപോലും കാണിച്ചില്ല. വലിയ ആളുകളെ തെരഞ്ഞെടുത്ത് അസംബ്ലിയിൽ വന്നിട്ട് അവർക്കുവേണ്ടി ഇവിടെ വാദിക്കുന്നതിന്റെ അർത്ഥം എന്താണ്? അതിന്റെ അർത്ഥം ഞങ്ങൾക്ക് മനസ്സിലാകുന്നുണ്ട്. ആദിവാസി കളുടെ ഭൂമിയെ സംബന്ധിച്ച ബില്ല് വന്നപ്പോഴും എല്ലാ സ്ഥലങ്ങളിലും പ്രചരണം നടത്തി ഈ ബില്ല് നടപ്പാക്കാൻപാടില്ല എന്ന് പറഞ്ഞവരാണു നിങ്ങൾ. നിങ്ങൾ സ്കൂളുകൾ അനുവദിച്ചല്ലോ? ആദിവാസികൾ താമസിക്കുന്ന പ്രദേശത്ത് എവിടെയാണ് നിങ്ങൾ സ്കൂൾ കൊടുത്തിട്ടു ള്ളത്. വയനാട്ടിൽ മതപരിവർത്തനംചെയ്ത ആദിവാസികളും ആദിവാസി കൾക്കുവേണ്ടി പള്ളിക്കുന്നിൽ ഒരു പള്ളിയുണ്ട്. അവിടെയുള്ള അച്ചൻ സ്കൂൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു. നിങ്ങൾ കൊടുത്തില്ല. എന്നിട്ടു ആദിവാസികൾക്കുവേണ്ടി കണ്ണീർ പൊഴിക്കുകയാണ്. ആവശ്യംവരുമ്പോൾ അവർക്കുവേണ്ടി ഒരു വാക്കു പറയുന്നതിനുപകരം രാഷ്ട്രീയനേതൃത്വം കൈയടക്കുന്നതിനുവേണ്ടി ചവിട്ടുപടികളായി ഉപയോഗിക്കുകയാണ് അധ:കൃതവർഗ്ഗത്തെ. ഞങ്ങൾക്കുള്ള ആനുകൂല്യങ്ങൾ കിട്ടിയത്. ശ്രീമതി ഇന്ദിരാഗാന്ധി ഈരാജ്യത്ത് അടിയന്തിരാവസ്ഥ പ്രഖ്യാപിച്ച അന്നുമുതലാണ്. ഈ നിയമ സഭയിൽ എല്ലാവരും ഒന്നടങ്കം കൈപൊക്കി പാസ്സാക്കിയ ഒരു ബില്ല്, ലോകംമുഴുവൻ വിപ്ലവകരമായ ബില്ലായി അംഗീകരിക്കാവുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഒരു ബില്ലാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് റവന്യൂ മന്ത്രി നടപ്പാക്കാൻ ഉദ്ദേശിച്ചു. പക്ഷെ ആ ബില്ലിനെതിരായി നിൽക്കുന്ന ഒരൊറ്റപാർട്ടി കേരളാകോൺഗ്രസ്സാണ്. മന്ത്രിക്ക് അവരോട് ഒന്നും ചെയ്യാനൊക്കുകയില്ല. ഭരണകക്ഷിയിൽ ഇപ്പോഴുംതന്നെ പല അഭിപ്രായങ്ങളും വന്നു. ഞങ്ങളെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ ആദിവാസികളുടെ അവകാശങ്ങളും അവശക്രിസ്ത്യാനികളുടെ അവകാശവും സംരക്ഷിക്കണമെങ്കിൽ ഇന്ദിരാഗാന്ധി കേന്ദ്രത്തിൽ അധികാരത്തിൽ വന്നേപറ്റൂ. അതാണ് ഞങ്ങളുടെ പ്രാർത്ഥന. കേന്ദ്രത്തിൽ ഇന്ദിരാഗാന്ധി അധികാരത്തിൽ വരും. അന്ന് ഈ കാര്യങ്ങളും നേടിക്കൊള്ളാമെന്നു പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. ഓ. ലൂക്കോസ്: സർ, പ്രമേയത്തിൽ ''പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുംകൂടി ലഭിക്കുവാൻവേണ്ട'' എന്നതിനുശേഷം ''അടിയന്തിര'' എന്നുകൂടി ചേർക്കണമെന്നുള്ള എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

സർ, ആദിവാസികളുടേയോ ഹരിജനങ്ങളുടേയോ പിച്ചച്ചട്ടിയിൽ എന്തെങ്കിലും കയ്യിട്ടുവാരി കൊടുക്കണമെന്ന ഉദ്ദേശ്യത്തോടുകൂടിയല്ല ഇങ്ങനെയൊരു പ്രമേയം ഇവിടെ അവതരിപ്പിച്ചത്. പട്ടികജാതി വർഗ്ഗങ്ങളും അനുഭവിക്കുന്നതുപോലുള്ള സാമ്പത്തിക സാമൂഹിക ദുരിതങ്ങളും അനുഭവിക്കുന്ന വിഭാഗങ്ങളെകൂടി കണക്കിലെടുക്കണം, അതിനു പ്രേരണ ചെലുത്തണമെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ഇങ്ങനെയൊരു പ്രമേയം അവതരിപ്പിച്ചിട്ടുള്ളത്. ഈ പ്രമേയത്തെക്കുറിച്ചുള്ള സംസ്കാര വേളയിൽ ശ്രീ. രാജൻ മാസ്റ്റർ കേരളാകോൺഗ്രസ്സിൽ ഒരു ഹരിജനോ പട്ടികജാതി പട്ടികവർഗ്ഗക്കാരനോ നിയമസഭാ സാമാജികനായി ഇല്ലാത്തത് എന്തുകൊണ്ടാണെന്നു ചോദിച്ചു. നിയമസഭാ സാമാജികനായി പട്ടികജാതി പട്ടികവർഗ്ഗക്കാർ ഉണ്ടെങ്കിൽ മാത്രമേ അവർക്കുവേണ്ടി വാദിക്കാൻ കഴിയുകയുള്ളൂ എന്ന വിശ്വാസം ഞങ്ങൾക്കില്ല. ശ്രീ. രാഘവൻമാസ്റ്ററും ശ്രീ. രാജൻ മാസ്റ്ററും ആ വർഗ്ഗത്തിന്റെ എം.എൽ.എ.-മാരായതുകൊണ്ട് മുൻപുണ്ടായിരുന്നതിനേക്കാൾ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് എന്തെങ്കിലും നേട്ടമുണ്ടായി എന്നു ഞാൻ വിശ്വസിക്കുന്നില്ല. ആ പ്രദേശത്തുനിന്നും ജയിച്ചു വന്നിട്ട് സ്വന്തം നിയോജകമണ്ഡലത്തിലെ വീട്ടിൽപോകാതെ ശ്രീ. രാഘവൻ മാസ്റ്ററെപ്പോലുള്ള ആളുകൾ സുൽത്താൻബത്തേരി റസ്റ്റ്. ബി.-യിൽ താമസിച്ച് അവർക്കുവേണ്ടി പലതും ചെയ്യുന്നു എന്നു പറയുന്നതിൽ യാതൊരു അർത്ഥവുമില്ല. ശ്രീ. രാഘവൻമാസ്റ്റർ ഗിരിവർഗ്ഗക്കാരുടെയും ആദിവാസികളുടെയും പ്രതിനിധിയായി ജയിച്ചു വന്നിട്ട് ആ പ്രദേശങ്ങളിലേക്ക് പോകാതെ അവിടത്തെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാതെ വേറെ എവിടെയെങ്കിലും പോയി താമസിച്ചിട്ട് ആദിവാസികൾക്കുവേണ്ടി വാദിക്കുന്നതിൽ യാതൊരു അർത്ഥവുമില്ല. ആദിവാസികൾക്കുവേണ്ടി യാതൊന്നും ചെയ്തിട്ടില്ല.

(ബഹളം)

ശ്രീ. കെ. രാഘവൻ മാസ്റ്റർ: വ്യക്തിപരമായി പറഞ്ഞ കാര്യങ്ങൾ പിൻവലിക്കണം. ഞാൻ എം.എൽ.എ. ആയതിനുശേഷം റസ്റ്റ്. ബി.-യിലാണ് താമസിക്കുന്നത് അങ്ങോട്ട് പോയിട്ടില്ല എന്നു പറയുന്നത് തെറ്റാണ്, ആവശ്യമില്ലാതെ എന്നെക്കുറിച്ച് വ്യക്തിപരമായി പറഞ്ഞത് പിൻവലിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വക്കം പുരുഷോത്തമൻ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ശ്രീ. രാഘവൻമാസ്റ്റർ ഒരു ആദിവാസി എം.എൽ.എ. ആയതുകൊണ്ട് അദ്ദേഹത്തെക്കുറിച്ച് ഇങ്ങനെ എന്തും പറയാമെന്നു കരുതുന്നത് ശരിയാണോ?

ശ്രീ. ഓ. ലൂക്കോസ്: ഞാൻ അതിനെക്കുറിച്ച് കൂടുതലൊന്നും പറയുന്നില്ല. മതപരിവർത്തനം ചെയ്ത പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ഇന്നു ലഭിച്ചുകൊണ്ടിരിക്കുന്ന എല്ലാ ആനുകൂല്യങ്ങളും നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: സർ, പ്രമേയത്തിന്റെ അന്തസ്സത്തയോട് ഞാൻ യോജിക്കുകയാണ്. പട്ടികജാതി പട്ടികവർഗ്ഗക്കാരിൽ നിന്നു മതപരിവർത്തനം ചെയ്തിട്ടുള്ള ആളുകൾ സാമ്പത്തികമായ, സാമൂഹികമായ, വിദ്യാഭ്യാസപരമായ രംഗങ്ങളിൽ ഒട്ടുംതന്നെ പുരോഗമിച്ചിട്ടില്ലെന്ന കാര്യത്തിൽ സംശയത്തിനു അവകാശമില്ല. എന്നാൽ ഭരണഘടനാപരമായി അതിനു ചില തടസ്സങ്ങളുണ്ട്. ഉദ്യോഗം ലഭിക്കുന്ന കാര്യത്തിൽ അവർക്ക് റിസർവേഷൻ കൊടുക്കാൻ ഭരണഘടനയിൽ വകുപ്പില്ല. ഭരണഘടനയിൽ ഒരു ഭേദഗതി വരുത്തണമെങ്കിൽ തീർച്ചയായും അതിനു പറ്റുന്ന നടപടി എല്ലാ രാഷ്ട്രീയ പാർട്ടികളും ഒരുമിച്ച് സ്വീകരിച്ചെങ്കിൽ മാത്രമേ സാധിക്കുകയുള്ളു. അവരുടെ ജനസംഖ്യയെ സംബന്ധിച്ചിടത്തോളം സമഗ്രമായ സെൻസസ് എടുത്ത് ആ സെൻസസിന്റെ അടിസ്ഥാനത്തിൽ ഇത്ര ശതമാനം റിസർവേഷൻ ഉദ്യോഗരംഗത്ത് കൊടുക്കണമെന്നു തീരുമാനമെടുക്കണം. അതുപോലെ സാമ്പത്തികമായ രംഗങ്ങളിൽ പ്രത്യേകമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം. ആ മാറ്റങ്ങൾ വരുത്തുന്നതിനുവേണ്ടി ഭരണഘടനയിൽ ഭേദഗതി വരുത്തുന്നതിന് എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഒരുമിച്ച് ആവശ്യപ്പെടണം. അങ്ങനെയൊരു ഭേദഗതി വരുത്താതെ അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുകയില്ലെന്നുള്ളതാണ് എന്റെ വിശ്വാസം.

മുഖ്യമന്ത്രി (ശ്രീ. പി.കെ. വാസുദേവൻനായർ): സർ, ബഹുമാനപ്പെട്ട ശ്രീ. ടി. എം. ജേക്കബ് ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ വിശദീകരിച്ചുകൊണ്ട് അദ്ദേഹവും പ്രസ്തുത പ്രമേയത്തിന് ഭേദഗതി അവതരിപ്പിച്ചുകൊണ്ടും അല്ലാതെയും മറ്റു ചില ബഹുമാനപ്പെട്ട മെമ്പർമാരും പ്രകടിപ്പിച്ച വികാരങ്ങളോടെല്ലാം ഞാൻ പരിപൂർണ്ണമായി യോജിക്കുന്നു. സർ, ഈ സഭയിലുള്ള എല്ലാ അംഗങ്ങളും തലമുറകളായി നമ്മുടെ നാട്ടിൽ ഏറ്റവുമധികം അവശതയനുഭവിക്കുന്ന ഈ ജനവിഭാഗങ്ങളോട് തികച്ചും അനുഭാവമുള്ളവരാണ്. സാമൂഹികമായും സാമ്പത്തികമായും അവർ അനുഭവിച്ചുകൊണ്ടിരിക്കുന്ന അവശതകൾക്കും നിർദ്ദയമായ ചൂഷണത്തിനും എത്രയുംപെട്ടെന്നു പരിപൂർണ്ണമായി അറുതിവരുത്തുന്നതിനുവേണ്ടി പ്രതിജ്ഞയെടുത്തിട്ടുള്ളതാണ് നമ്മുടെ നാട്ടിലുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങളെല്ലാം തന്നെ. ഇവിടെ പല ബഹുമാനപ്പെട്ട മെമ്പർമാരും പറഞ്ഞതുപോലെ പട്ടികജാതി വർഗ്ഗത്തിൽപ്പെട്ട അല്ലെങ്കിൽ പട്ടികജാതികളിൽപ്പെട്ട ആളുകളും പട്ടികജാതികളിൽനിന്നു മറ്റു മതങ്ങളിലേക്ക് മതപരിവർത്തനം ചെയ്തവരും ഒരേ തരത്തിലുള്ള അവശതയാണ് ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. പരിവർത്തനം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തു എന്നുള്ളതുകൊണ്ടുമാത്രം സാമൂഹികമായിപോലും അവരുടെ അവശതകൾക്ക് പരിഹാരമുണ്ടായിട്ടില്ല. ഉച്ചനീചത്വങ്ങൾ ഇന്നും തുടരുകയാണ്. നമ്മുടെ രാജ്യത്തെ മുഖത്ത് ഒരു കറുത്തപാടാണ് അത്. ഇങ്ങനെയുള്ള കോടികണക്കിനുള്ള ജനസമൂഹം മറ്റു മിക്ക രാജ്യങ്ങളിലും ഇല്ലാത്തതുപോലെ സാമൂഹികമായി അങ്ങേയറ്റത്തെ ഉച്ചനീചത്വം ഇവിടെ അനുഭവിക്കുന്നുണ്ട്. സമൂഹത്തിന്റെ അടിത്തട്ടിൽ അവർ ഏറ്റവുമധികം ചൂഷണം ചെയ്യപ്പെട്ടുകഴിയുന്നു. ഒരുപക്ഷേ ഇതിന് തുല്യമായി കണക്കാക്കാവുന്നത് വർണ്ണവിവേചനത്തിന്റെ അടിസ്ഥാനത്തിൽ ആഫ്രിക്കയിലോ അമേരിക്കയിലോ മറ്റു ചില രാജ്യങ്ങളിലോ ഉള്ള സ്ഥിതിവിശേഷമാണ്. ഇതു നമ്മെയെല്ലാം ലജ്ജിപ്പിക്കുന്ന ഒന്നാണ്. ഈ രാജ്യത്തിനു മാത്രമായി സിദ്ധിച്ചിട്ടുള്ള ഒരു ശാപമാണ്. ഈ സമുദായത്തെ ഉയർത്തിക്കൊണ്ടുവരുന്നതിനുവേണ്ടിയുള്ള സമരത്തിൽ നമ്മുടെ നാട്ടിൽ എല്ലാവരും ഒന്നിച്ചു കൈകോർത്തു പിടിച്ച് പ്രവർത്തിക്കേണ്ടതാണ്. അതുകൊണ്ട് ഈ പ്രമേയം അവതരിപ്പിച്ച ബഹുമാനപ്പെട്ട മെമ്പറും മറ്റു അംഗങ്ങളും ഇവിടെ പ്രകടിപ്പിച്ച വികാരങ്ങളും തീർച്ചയായും നമ്മെയെല്ലാം കൂട്ടിയോജിപ്പിക്കുന്ന വികാരമാണ്. ഞാനും അതിൽ പങ്കുചേരുന്നു. കേരള ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ചില നടപടികളും എടുത്തിട്ടുണ്ട്. പട്ടികജാതികളിൽനിന്നു കേരളത്തെ സംബന്ധിച്ചിടത്തോളം മതപരിവർത്തനം ചെയ്തിട്ടുള്ളത് ക്രൈസ്തവ മതത്തിലേക്കാണ്, കൂടാതെ മുസ്ലീം മതത്തിലേക്കും പരിവർത്തനം ചെയ്തിട്ടുണ്ടെന്നു മനസ്സിലാക്കുന്നു. പ്രധാനമായി അവശക്രൈസ്തവർ എന്നു പറയുന്ന വിഭാഗത്തെപ്പറ്റിയാണ് പ്രസ്താവിക്കാൻ ഞാൻ ആഗ്രഹിക്കുന്നത്. അങ്ങനെയുള്ള ആളുകൾക്കുവേണ്ടി ഇൻഡ്യയിൽ മറ്റൊരു സംസ്ഥാന ഗവൺമെന്റും മതപരിവർത്തനം ചെയ്ത പട്ടികജാതിക്കാർക്കുവേണ്ടി ചെയ്യാത്ത കാര്യങ്ങൾ ഇവിടെ ചെയ്തിട്ടുണ്ട്. പട്ടികജാതിക്കാർക്കും മതപരിവർത്തനം ചെയ്ത ആളുകൾക്കും കേരളത്തിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ ഏതാണ്ട് തത്തുല്യമാണ്; മിക്കവാറും ഒന്നുതന്നെയാണ്.

സർ, മതപരിവർത്തനം ചെയ്യപ്പെട്ടിട്ടുള്ളവർ ഇപ്പോൾ കേരളത്തിൽ അനുഭവിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ ഞാൻ പറയാം.

(1) പ്രീമെട്രിക്, പോസ്റ്റ് മെട്രിക്, ബിരുദാനന്തര പഠനം എന്നീ വൊക്കേഷണൽ കോഴ്സുകൾക്ക് പരീക്ഷാഫീസ് ഉൾപ്പെടെയുള്ള മുഴുവൻ ഫീസാനുകൂല്യം.

(2) ലംപ്സം ഗ്രാൻറ്, സ്റ്റൈപ്പൻറ് ഹോസ്റ്റലുകളിൽ മുഴുവൻ ബോർഡിംഗ് ആൻറ് ലോഡ്ജിംഗ് ചാർജ്.

(3) ഹോസ്റ്റൽ അന്തേവാസികൾക്ക് നൽകുന്ന പോക്കറ്റു മണി.

(4) ഓണം, ക്രിസ്തുമസ് തുടങ്ങിയ വെക്കേഷൻ സമയങ്ങളിൽ വീട്ടിൽ പോയി മടങ്ങിവരുന്നതിനുള്ള യാത്രച്ചെലവ്.

(5) വെൽഫെയർ സ്കൂളുകളിൽ സൗജന്യമായി തുണി വിതരണം.

(6) പഠന പദ്ധതിയോടനുബന്ധിച്ച എക്സ്കർഷൻ ചെലവുകൾ.

(7) കോളനിഭൂമി വിതരണം ചെയ്യുമ്പോൾ അഞ്ചു ശതമാനം ഭൂമി.

LIBRARY ARCHIVES Kerala Legislative Assembly

(8) വീടുകയ്യം വയ്ക്കാൻ 8500 രൂപയുടെ പലിശരഹിത വായ്പ.

(9) വ്യവസായം ആരംഭിക്കാൻ പതിനായിരം രൂപയുടെ പലിശ രഹിത വായ്പ.

(10) നിയമ ബിരുദധാരികയ്ക്ക് അഡ്വക്കേറ്റായി എൻറോ ൾ ചെയ്യുന്നതിനും പ്രാക്ടീസ് നടത്തുന്നതിനുമുള്ള സാമ്പത്തിക സഹായം.

(11) കോളേജുകളിലും, ഹോസ്റ്റലുകളിലും നിശ്ചയിച്ചി ട്ടുള്ള സീറ്റു സംവരണത്തിനുപുറമേ പട്ടികജാതി പട്ടിക വർഗ്ഗക്കാരായ അപേക്ഷകർ ഇല്ലാതെ വന്നാൽ ശേഷി ക്കുന്ന സീറ്റുകയ്യം നൽകുക.

(12) വെൽഫെയർ കോസ്മോപോളിറ്റൻ ഹോസ്റ്റലുകളിൽ പ്രവേശനത്തിന് മറ്റു പിന്നോക്കക്കാരുടെ കൂട്ടത്തിൽ ഇവരെക്കൂടി പരിഗണിക്കുക.

(13) സബ്സിഡൈസ്ഡ് ഹോസ്റ്റലുകളിൽ ഗ്രാൻറു നൽകു ന്നതിന് അവരെ മറ്റു പിന്നോക്ക സമുദായമായി കരുതുക.

(14) ഉദ്യോഗസംവരണത്തിൽ ഇതുവരെ നിലവിലിരുന്ന ഒരു ശതമാനമെന്നുള്ളത് ലാസ്റ്റ് ഗ്രേഡ് ഉദ്യോഗങ്ങയ്ക്ക് രണ്ടു ശതമാനമായി ഈ അടുത്തകാലത്ത് ഗവൺമെൻറ് ഉയർത്തിയിട്ടുണ്ട്.

(ശ്രീ. ടി. എം. ജേക്കബ് ഒരു ശതമാനമെന്നാണ് പറഞ്ഞത്. അടുത്തകാലത്ത് ഗവൺമെൻറ് രണ്ടു ശതമാനമായി വർദ്ധിപ്പിച്ചു കൊടുത്തിട്ടുണ്ട്.)

(15) ഈ വിഭാഗത്തിൻറെ പ്രത്യേകമായ സാമ്പത്തിക ഉന്നമ നത്തെക്കൂടി ലക്ഷ്യംവച്ചുകൊണ്ട് ഒരു വികസന കോർപ്പ റേഷൻ രൂപീകരിക്കാൻ ഗവൺമെൻറ് തീരുമാനിച്ചു.

ഇത്രയും കാര്യങ്ങയ്യം ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം മതപരിവർത്തനം ചെയ്യപ്പെട്ടവർക്കുകൂടി ലഭിക്കുന്നുണ്ട്, അതുകൊ ണ്ടാണ് ഞാൻ പറഞ്ഞത് ഇൻഡ്യയിൽ ഒരു സംസ്ഥാനത്തും ഇത്രയും ആനുകൂല്യങ്ങയ്യം അവർക്കു ചെയ്തു കൊടുത്തിട്ടില്ല എന്ന്. കേരള ഗവൺമെൻറ്, അതിൻറെ പരിധിയിൽനിന്നുകൊണ്ട് ചെയ്യാൻ കഴിയുന്ന മിക്കവാറും എല്ലാ കാര്യങ്ങളും ചെയ്തിട്ടുണ്ട്. സാമ്പത്തികമായ പരി മിതികയ്യം ഉണ്ട്. കാരണം ഇവർക്കാകുമ്പോയ്യം അതിനുള്ളസഹായം കേന്ദ്ര ത്തിൽനിന്നും കിട്ടുകയില്ല. എല്ലാം സംസ്ഥാന ബഡ്ജറ്റിൽനിന്നും ചെലവാക്കണം. അങ്ങനെ ചെലവാക്കിക്കൊണ്ടിരിക്കുകയാണ്.

പിന്നെ ഉദ്യോഗസംവരണത്തിനുള്ള ബുദ്ധിമുട്ടുകയ്യം ഭരണഘടനാ പരമായി ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞതുതന്നെയാണ്. നമുക്കതു ചെയ്യാൻ സാദ്ധ്യമല്ല. അതുകൊണ്ട് നമ്മയ്യം ഇവിടെ ചെയ്ത കാര്യങ്ങയ്യം അത് പരിമിതമാണെന്ന് അറിയാം. മുമ്പ് ഒരുശതമാനം മാത്രമായി രുന്നു റിസർവേഷൻ ഉണ്ടായിരുന്നത്. നെട്ടൂർ കമ്മീഷൻ റിപ്പോർട്ടിൽ

LIBRARY ARCHIVES Kerala Legislative Assembly

ശുപാർശ ചെയ്തിരുന്നത് ഒരു ശതമാനമായിത്തന്നെ തുടർന്നാൽ മതി യെന്നായിരുന്നു. എന്നാൽ അടുത്തകാലത്ത് ഗവൺമെൻറ് എടുത്ത തീരുമാനം പരിശോധിച്ചാൽ കാണാൻ കഴിയും, രണ്ടു കാറഗറീസായി ഉദ്യോഗങ്ങളെ വീതിച്ച് ലാസ്റ്റ് ഗ്രേഡും അല്പാത്തതും എന്നാക്കി. അതിൽ ലാസ്റ്റ് ഗ്രേഡിന് രണ്ടു ശതമാനമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. മറേതത് ഇപ്പോഴും വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ഒരു കമ്മീഷനെ നിയമിക്കാൻ പോകുന്നുണ്ട്. ആ കമ്മീഷൻ തീർച്ച യായും ഈ വിഭാഗം ആളുകളുടെ ഉദ്യോഗസംവരണത്തെ സംബന്ധിച്ച് പരിശോധിക്കത്തക്കവിധത്തിൽ കമ്മീഷനെ നമ്മൾ രൂപീകരിക്കുമെന്നും എനിക്കിപ്പോൾ പറയാൻ കഴിയും. ഇത്തരത്തിലുള്ള ആനുകൂല്യങ്ങൾ ഇപ്പോൾ നൽകുന്നുണ്ട്.

അവസാനമായി എനിക്കു പറയാനുള്ളത് ഗവൺമെൻറ് ഒരു വികസന കോർപ്പറേഷൻ രൂപീകരിക്കാൻ തീരുമാനിച്ച് സ്പെഷ്യൽ ആഫീസറെ നിയമിച്ച്, ആ സ്പെഷ്യൽ ആഫീസർ റിപ്പോർട്ടു തയ്യാറാക്കി ക്കൊണ്ടിരിക്കുകയാണ്. എത്രയും പെട്ടെന്ന് റിപ്പോർട്ടു തരണമെന്നും പറഞ്ഞിട്ടുണ്ട്. റിപ്പോർട്ടു കിട്ടിക്കഴിഞ്ഞാൽ നമ്മുടെ പണംതന്നെ ഉപ യോഗിച്ച്, പരമാവധി നമുക്ക് നീക്കിവയ്ക്കാൻ കഴിയുന്ന പണം ഉപ യോഗിച്ച് ഈ വിഭാഗങ്ങൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ, ഹരിജനങ്ങൾ ക്കുവേണ്ടിയുള്ള വികസന കോർപ്പറേഷൻപോലെതന്നെ നടത്താവുന്നതാണ്. അതിൽ മതപരിവർത്തനം ചെയ്യപ്പെട്ടവരുടെകൂടെ, പട്ടികജാതികളിൽ ഉൾപ്പെടുത്തണമെന്നു (ഇപ്പോൾ ഒ.ബി.സി.യിൽ നിൽക്കുന്നവർ) കേരള ഗവൺമെൻറ് ശുപാർശ ചെയ്തിട്ടുള്ള ചില സമുദായങ്ങൾ, കുടുംബി സമുദായം പോലുള്ള ചില സമുദായങ്ങൾ, ഇവരോടുകൂടി ചേർത്താണ് വികസന കോർപ്പറേഷൻ ഉണ്ടാക്കുന്നത്. എന്നാൽ ഞാൻ പ്രതീക്ഷിക്കു ന്നത് അധികം താമസിയാതെ കേന്ദ്രഗവൺമെൻറ് നമ്മൾ ശുപാർശ ചെയ്ത സമുദായങ്ങളിൽ മിക്കവരെയും ഒരുപക്ഷേ എല്ലാവരെയും പട്ടികജാതിക്കാരായി അംഗീകരിച്ചേക്കുമെന്നാണ്. അവരെ പട്ടികജാതി ക്കാരായി അംഗീകരിച്ചു കഴിഞ്ഞാൽ ഈ വികസന കോർപ്പറേഷൻ മതപരി വർത്തനം ചെയ്തവർക്കുവേണ്ടി മാത്രമായിരിക്കും. അത്രയും കൂടുതൽ ആനുകൂല്യം വികസന കോർപ്പറേഷൻകൊണ്ട് അവർക്കു കിട്ടും. മിക്ക വാറും അവർക്കുവേണ്ടിമാത്രമുള്ള വികസന കോർപ്പറേഷനായി പ്രവർ ത്തിച്ചു തുടങ്ങാനും ഇടയുണ്ട്. ഇതാണ് പ്രധാനമായും എനിക്ക് ഈ കാര്യങ്ങളെസംബന്ധിച്ച് പറയാനുള്ളത്.

ഈ പ്രമേയത്തിൽ ആവശ്യപ്പെടുന്നതുപോലെ പട്ടികജാതി പട്ടിക വർഗ്ഗക്കാർക്കു ലഭിച്ചുകൊണ്ടിരിക്കുന്ന എല്ലാവിധ ആനുകൂല്യങ്ങളും മതപരിവർത്തനം ചെയ്ത പട്ടികജാതി പട്ടികവർഗ്ഗക്കാർക്കു കൂടി ലഭിക്കുവാൻ വേണ്ട നടപടികൾ കേന്ദ്ര സംസ്ഥാന ഗവൺമെൻറുകൾ സ്വീകരിക്കണമെന്നു പറഞ്ഞാൽ, സംസ്ഥാന ഗവൺമെൻറിന് അതിൻെറ കയ്യും കാലും ചില കാര്യങ്ങളിൽ വരിഞ്ഞുകെട്ടപ്പെട്ടിരിക്കുക യാണ്. അതുകൊണ്ട് സംസ്ഥാന ഗവൺമെൻറിനോട് ആവശ്യപ്പെട്ടു കൊണ്ട് ഒരു പ്രമേയം ഈ നിയമസഭ പാസ്സാക്കുകയെന്നു പറയുന്നത് വാസ്തവത്തിൽ സാഹസമാണ്. അതുകൊണ്ടു പ്രയോജനമില്ല. നമുക്ക് ചെയ്യാൻ സാദ്ധ്യമല്ലെന്ന് ഇപ്പോൾതന്നെ അറിഞ്ഞുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

പാസ്സാക്കുകയാണ്. അതിനുള്ള ഏറ്റവും വലിയ തടസ്സം ഭരണഘടനാപരമായ തടസ്സം തന്നെയാണ്. പട്ടികവർഗ്ഗക്കാരെ സംബന്ധിച്ച് പ്രശ്നമില്ലെന്ന് ശ്രീ. എം. കെ. കൃഷ്ണൻ ഇവിടെ പറഞ്ഞുകഴിഞ്ഞു. അതുകൊണ്ട് പട്ടികജാതിക്കാരുടെ കാര്യം മാത്രം ആലോചിച്ചാൽ മതി. പട്ടികജാതിക്കാരിൽപ്പെടുന്ന ആളുകളെ സംബന്ധിച്ചിടത്തോളം മതപരിവർത്തനം ചെയ്ത ആളുകൾക്കും പട്ടികജാതിക്കാർക്കു ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ലഭിക്കും. അതും ചർച്ചാ വിഷയമാക്കേണ്ട കാര്യമില്ല. പട്ടികജാതിക്കാർ എന്നുള്ളതിന് ഇൻഡ്യാ ഗവൺമെൻറിന്റെ തീരുമാനമനുസരിച്ചും ഇപ്പോഴത്തെ ഭരണഘടന സംബന്ധിച്ചുള്ള വ്യാഖ്യാനമനുസരിച്ചും പട്ടികജാതിക്കാരായി അംഗീകരിക്കുന്നതിനുള്ള പ്രധാനപ്പെട്ട മാനദണ്ഡം അയിത്തമാണ്. Social disabilities due to Stigma of untouchability. ഇതാണ് അതിന്റെ ക്രൈറ്റീരിയ. ഇങ്ങനെയൊരു സ്ഥിതി നിലനിൽക്കുന്ന കാലത്തോളം എന്നുമാത്രമല്ല അയിത്തം മതപരമായ ഒരു ആചാരാനുഷ്ഠാനമായി ഹിന്ദുമതം മാത്രമാണ് അംഗീകരിച്ചിട്ടുള്ളത്. മറ്റു മതത്തിലേക്ക് പരിവർത്തനം ചെയ്തു കഴിയുന്നവർക്ക് ഈ നിർവചനം ബാധകമാകുന്നില്ല. കാരണം മറ്റു മതങ്ങളിൽ ഈ പറയുന്നതുപോലുള്ള അസ്പൃശ്യത അയിത്തത്തിനു കൽപ്പിച്ചിരുന്നില്ല. അതുകൊണ്ട് മതപരിവർത്തനം ചെയ്തവർക്ക് ഈ നിർവചനത്തിന്റെ അടിസ്ഥാനത്തിലുള്ള ആനുകൂല്യങ്ങളും കൊടുക്കാൻ പാടില്ലെന്നാണ് ഭരണഘടനാപരമായ സ്ഥിതി. അതിനെസംബന്ധിച്ചുള്ള വിശകലനവും വിശദീകരണവും ഈ പരിതഃസ്ഥിതിയിലാണ് നമുക്ക് പട്ടികജാതിക്കാർക്കു കൊടുക്കുന്ന എല്ലാ ആനുകൂല്യങ്ങളും മതപരിവർത്തനം ചെയ്യപ്പെട്ടവർക്കു കൊടുക്കാനുള്ള അവകാശമില്ലാത്തതും, അധികാരമില്ലാത്തതും. അവകാശവും അധികാരവുമില്ലാത്ത ഒരുകാര്യം കേരള ഗവൺമെൻറ് ചെയ്യണമെന്ന് ഒരു പ്രമേയം പാസ്സാക്കരുത്. ഇങ്ങനെയൊരു പ്രമേയം പാസ്സാക്കണമെന്നു നിർബന്ധിക്കരുത് എന്നുള്ളതൊഴിച്ചാൽ ഇവിടെ പ്രകടിപ്പിച്ച എല്ലാ വികാരങ്ങളോടും ഗവൺമെൻറിനുവേണ്ടി ഞാൻ യോജിക്കുന്നു. കേരള ഗവൺമെൻറ് ഈ വിഭാഗം ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും അവരുടെ അവശതകൾക്ക് അറുതി വരുത്തുന്നതിനുംവേണ്ടി അതിന്റെ കഴിവിന്റെ പരമാവധി പ്രയോജനപ്പെടുത്തുമെന്ന് ഉറപ്പു നൽകുകയുംചെയ്യുന്നു. ഈ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ഈ പ്രമേയം പ്രസക്തമല്ലാത്തതുകൊണ്ട് പ്രസ്സു ചെയ്യരുതെന്ന് ഞാൻ അദ്ദേഹത്തോട് അപേക്ഷിക്കുന്നു.

ശ്രീ. ടി. എം. ജേക്കബ്: ഇന്ന് നമ്മുടെ സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് റിസർവേഷനുണ്ട്. ഇങ്ങനെ എല്ലാ ഉദ്യോഗങ്ങളിലേക്കും റിസർവേഷനുള്ള ആളുകളെ കിട്ടാതെവരുന്ന സാഹചര്യത്തിൽ മതപരിവർത്തനം ചെയ്ത ആളുകളിൽനിന്നും എലിജിബിളായിട്ടുള്ള ആളുകൾക്ക് കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ? അതുപോലെതന്നെ പുതിയ കമ്മീഷനിൽ മതപരിവർത്തനം ചെയ്ത ആളുകളുടെ പ്രാതിനിധ്യത്തെക്കുറിച്ചുകൂടി ഉൾക്കൊള്ളിക്കാൻ തയ്യാറാകുമോ?

ശ്രീ. പി.കെ. വാസുദേവൻനായർ: ഈ കാര്യങ്ങളെസംബന്ധിച്ച് നല്ലതുപോലെ ആലോചിക്കാതെ ഈ സഭയിൽവച്ച് ഒരു മറുപടി പറയാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: കേന്ദ്രഗവൺമെന്റിൽ ഈ സഭയുടെ വികാരങ്ങൾ അറിയിക്കുന്നതിൽ എന്താണ് അപകടം? ഭരണ ഘടന ഭേദഗതി ചെയ്യണമെങ്കിൽ ചെയ്യണം.

ശ്രീ. പി.കെ. വാസുദേവൻനായർ: സംസ്ഥാനഗവൺമെന്റ് അതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് പറയുന്നത്; രണ്ടുകൂട്ടർക്കും ഒരുപോലെയുള്ള ആനുകൂല്യങ്ങൾ നൽകാൻ. ഇപ്പോൾ അതിനു നമുക്കു കഴിയുകയില്ല. അതുകൊണ്ട് ഈ പ്രമേയം പാസ്സാക്കുന്നതിനു നിവൃത്തിയില്ല.

മി. ഡെ. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ പ്രമേയം പ്രസ്സു ചെയ്യുന്നുണ്ടോ?

ശ്രീ. ടി. എം. ജേക്കബ്: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ ഈ വിഭാഗത്തിൽപ്പെട്ട ആളുകൾക്കു കൊടുക്കുന്ന ആനുകൂല്യങ്ങളെക്കുറിച്ചു പറഞ്ഞു. അതുപോലെതന്നെ സംസ്ഥാന ഗവൺമെൻറിന്റെ ഈ വിഭാഗത്തോടുള്ള സമീപനം എന്താണെന്ന് അദ്ദേഹം വളരെ വിശദമായി പറയുകയുണ്ടായി. കൂടുതൽ കാര്യങ്ങൾ ചെയ്യത്തക്ക വിധത്തിൽ ശുപാർശകൾ ചെയ്യുന്നതടക്കമുള്ള കാര്യങ്ങൾ ചെയ്യാമെന്നു പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഞാൻ ഈ പ്രമേയം പ്രസ്സു ചെയ്യുന്നില്ല.

The amendment moved by Shri M. K. Kesavan, was by leave, withdrawn.

The amendment moved by Shri N. Bhaskaran Nair was by leave, withdrawn.

The amendment moved by Shri P.J. Joseph was by leave, withdrawn.

The amendment moved by Shri Vakkom Purushothaman was by leave withdrawn.

The amendment moved by Shri K.P. Raman was by leave, withdrawn.

The amendment moved by Shri M.K. Krishnan was by leave, withdrawn.

The Resolution moved by Shri T.M. Jacob was by leave, withdrawn.

(Shri-Vakkom Purushothaman in the Chair)

പ്രമേയം നമ്പർ (2)

മലയോരപ്രദേശത്തു ഭൂമികൈവശം വച്ചുകൊണ്ടിരിക്കുന്നവർക്ക് ഭൂമിയുടെ പട്ടയം ലഭിക്കാത്തതുകൊണ്ട് ഉണ്ടാകുന്ന ബുദ്ധിമുട്ട്

ഡോ. കെ.സി. ജോസഫ്: എന്റെ പ്രമേയം ഞാൻ അവതരിപ്പിക്കുകയാണ്.

'കേരളത്തിലെ മലയോരപ്രദേശങ്ങളിൽ വർഷങ്ങളായി ഭൂമി കൈവശം വച്ച് അനുഭവിച്ചുകൊണ്ടിരിക്കുന്ന അനേകം കൃഷിക്കാർക്ക് പട്ടയം ലഭിക്കാത്തതുമൂലം സഹകരണബാങ്കുകളിൽനിന്നും മറ്റു ധനകാര്യസ്ഥാപനങ്ങളിൽനിന്നും പണം കടം എടുക്കുന്നതിനു സാധിക്കാതെ വന്നിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly